I. ഇ.ബി. XII-കേരള നിയമസഭ/XIV-12

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 മാർച്ച് 15, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിര പ്രമേയം**

മുസ്ലീം പള്ളി ആക്രമണം

മി. സ്പീക്കർ: താനൂർ മണ്ഡലത്തിലെ ഉണ്യാലിൽ 14-3-2010-ന് ഒരു സംഘം ആളുകൾ ആരാധനാലയങ്ങൾ ആക്രമിക്കുകയും ആരാധനയ്ക്ക് എത്തിയവരെ മർദ്ദിക്കുകയും ചെയ്തതുമൂലം മലപ്പുറം ജില്ലയുടെ തീരപ്രദേശത്ത് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന സംഘർഷപൂരിതമായ സ്ഥിതി വിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, കെ. സി. ജോസഫ്, സി. എഫ്. തോമസ്, കെ. കെ. ഷാജു, കെ. ബി. ഗണേഷ് കുമാർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): നബി ദിനാഘോഷത്തോടനുബന്ധിച്ച് മലപ്പുറം ജില്ലയിലെ

താനൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ഉണ്യാലിലും പരിസരത്തും 27-2-2010 മുതൽ 7-3-2010 വരെ സുന്നി വിഭാഗത്തിലുള്ളവർ തമ്മിലുണ്ടായ അക്രമ സംഭവങ്ങളെത്തുടർന്ന് പത്ത് കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. അക്രമങ്ങൾ ആവർത്തിക്കാതിരിക്കാൻ പോലീസ് പിക്കറ്റിംഗും പോലീസ് പെട്രോളിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. അക്രമ സംഭവങ്ങൾക്ക് കാരണക്കാരായ അഞ്ചു പേരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. കോടതിയിൽ നിന്നും ജാമ്യത്തിലിറങ്ങിയ ഇ.കെ. സുന്നിവിഭാഗക്കാരനും മുസ്ലീം ലീഗ് അനുഭാവിയുമായ അലിയേയും കൂടെ ഉണ്ടായിരുന്ന റഹീമിനേയും ജലാൽ തുടങ്ങി പതിനഞ്ചോളം ആളുകൾ ചേർന്ന് 14-3-2010-ന് വൈകിട്ട് 6.15 ഓടെ ഉണ്യാലിൽ വച്ച് ഇരുമ്പുവടികളും മറ്റുംകൊണ്ട് അടിച്ച് പരിക്കേൽപിച്ച സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി വൈകിട്ട് ഉണ്യാൽ ബീച്ചിലുള്ള ഇ.കെ. സുന്നിവിഭാഗത്തിന്റെ ജുമാഅത് പള്ളിയായ മസ്ജിദുനൂർ പള്ളിയുടെ ചില്ലുകൾ ആരോ അടിച്ചു പൊട്ടിക്കുകയും പള്ളിക്കകത്തു കയറി നാശനഷ്ടങ്ങൾ വരുത്തുകയും അവിടെയുള്ളവരെ പരിക്കേൽപ്പിക്കുകയും ചെയ്തതായിട്ടുള്ള പരാതിയും ലഭിച്ചിട്ടുണ്ട്. ഇതിൽ തിരൂർ ഗവൺമെന്റ് ആശുപത്രിയിൽ ചികിത്സയിലുള്ള കത്തീമിന്റെ മൊഴിപ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സംഭവങ്ങളിൽ പ്രതിയായ നാലുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. സംഭവ സ്ഥലത്ത് ക്വിക്ക് റിയാക്ഷൻ ടീം ഉൾപ്പെടെയുള്ള പോലീസ് വിഭാഗം ക്യാമ്പ് ചെയ്യുന്നുണ്ട്. പ്രതികൾക്കു വേണ്ടിയുള്ള തിരച്ചിൽ തുടർന്നുകൊണ്ടിരിക്കുകയാണ്. സ്ഥിതിഗതികൾ നിയന്ത്രണ വിധേയമാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താനൂരിലെ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട തേവർ കടൽപ്പുറത്ത് 2010 മാർച്ച് 14-ാം തീയതി വൈകുന്നേരം ആറ് മണിക്ക് മാരകായുധങ്ങളുമായി സംഘം ചേർന്നെത്തിയ ഏതാനും സി.പി.ഐ(എം) പ്രവർത്തകർ യാതൊരു പ്രകോപനവുമില്ലാതെ മസ്ജിദുനൂർ പള്ളിയിൽ അതിക്രമിച്ചു കയറി അടിച്ചുതകർക്കുകയും ഗ്രന്ഥങ്ങൾ വെളിയിലേയ്ക്കെറിയുകയും ഇമാമിനെയും മുസലിയാരെയും ആരാധനയ്ക്കെത്തിയവരേയും പരുക്കേൽപ്പിക്കുകയും ചെയ്തു. ഗുരുതരമായി പരുക്കേറ്റ ഇവരെ കോഴിക്കോട് മെഡിക്കൽകോളേജിൽ ഐ.സി.യു.-വിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. പള്ളി തകർക്കുക എന്നുള്ള ലക്ഷ്യത്തോടുകൂടി മാത്രമാണ് സി.പി.ഐ(എം) പ്രവർത്തകർ കയറിവന്ന് പോലീസ് നോക്കിനിൽക്കേ ആക്രമണം നടത്തിയത്. മുമ്പ് സി.പി.ഐ.(എം) കാർ കൊലപ്പെടുത്തിയ റാഷിക്കിന്റെ കൊലയാളികൾ പരോളിൽ ഇറങ്ങുമ്പോഴാണ് അക്രമം ഉണ്ടാകുന്നത്. സി.പി.ഐ.(എം) കാർ എന്തു ചെയ്താലും പരാതിയില്ല. എന്നാൽ മുസ്ലീംലീഗുകാരുടെ പേരിൽ കള്ളക്കേസ്സെടുത്ത് ഒരിക്കലും ജാമ്യം ലഭിക്കാത്ത വകുപ്പുകൾ കൂട്ടിച്ചേർക്കുകയാണ്. സി.പി.ഐ(എം)-ന്റെ മതവിരുദ്ധ നിലപാടിൽ പ്രതിക്ഷേധിച്ച് സി.പി.ഐ.(എം) -ലെ പന്ത്രണ്ടിലധികം പ്രവർത്തകർ രാജിവച്ച് മുസ്ലീം ലീഗിൽ ചേർന്നിട്ടുണ്ട്. സി.പി.ഐ.(എം) പ്രവർത്തകരെ നിലയ്ക്കു നിറുത്താൻ സർക്കാർ തയ്യാറാകണം. ഗുരുതരമായ ഈ സംഭവം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഉണ്യാലിലും പരിസര പ്രദേശങ്ങളിലും കുറേക്കാലമായി നിലനിൽക്കുന്ന ഒരു പ്രശ്നമാണിത്. സുന്നിമത വിശ്വാസികളുടെ രണ്ട് വിഭാഗങ്ങൾ തമ്മിൽ ചേരിതിരിഞ്ഞ് അവിടെ

പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു എന്ന് റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ആരാധനാലയ ങ്ങൾക്കു നേരെ നടക്കുന്ന അക്രമത്തെ ഗവൺമെന്റ് ഗൗരവത്തോടുകൂടി പരി ഗണിക്കുന്നതും അക്രമികളെ അറസ്റ്റുചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതു മാണ്. പള്ളിയുമായി ബന്ധപ്പെട്ട പ്രശ്നം ഇത്തരത്തിൽ അവതരിപ്പിച്ചു കൊണ്ട് നാട്ടിൽ പ്രശ്നങ്ങൾ ഉണ്ടാക്കരുതെന്നാണ് ബഹുമാനപ്പെട്ട മുസ്ലീം ലീഗിന്റെ അംഗങ്ങളോട് പറയാനുള്ളത്. പള്ളി സംരക്ഷിക്കുവാനുള്ള ബാദ്ധ്യത എല്ലാവർക്കുമുണ്ട്. തൃശ്ശൂരിലെ ഐ.ജി.യോട് സംഭവ സ്ഥല ത്തേയ്ക്ക് പോകാൻ നിർദ്ദേശം കൊടുക്കാം. ഉണ്യാലിലെ സ്ഥിതിഗതികൾ പരിശോധിച്ച് എല്ലാവരേയും വിളിച്ചുകൂട്ടി സമാധാനം പുന:സ്ഥാപിക്കുവാൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കാം.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. ഉമ്മൻചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ യിൽ നിന്ന് പുറത്ത് പോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരി കയും ചെയ്തു)

**ശ്രദ്ധക്ഷണിക്കൽ**

(1) <u>പാടങ്ങളും തരിശുഭൂമിയും കൃഷി യോഗ്യമാക്കാൻ നടപടി</u>

<u>ശ്രീ. കെ.പി. മോഹനൻ:</u> കേരളത്തിലെ തരിശുഭൂമിയും കൃഷിഭൂമിയും തരംതിരിച്ച് ഉൽപാദനശേഷിയുള്ള കൃഷിയെ സംബന്ധിച്ച് സർവ്വേ നടത്തി തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് ഹെക്ടറിന് കുറഞ്ഞത് പതിനയ്യായിരം രൂപയെങ്കിലും അനുവദിക്കണം.. പച്ചക്കറി, തെങ്ങ്, കവുങ്ങ് മരച്ചീനി, വാഴ തുടങ്ങിയവ കൃഷി ചെയ്യുന്നവർക്ക് കൂടി 'കിസാൻ അഭിമാൻ' പദ്ധതി നടപ്പാക്കണം. പ്രകൃതിക്ഷോഭം, വന്യമൃഗങ്ങളുടെ അക്രമം എന്നിവമൂലം കൃഷിനാശം സംഭവിക്കുന്നവർക്ക് കാർഷിക ഉൽപന്നങ്ങളുടെ വില കണക്കാക്കി മുഴുവൻ തുകയും നൽകണം. സ്റ്റേറ്റ് വെജിറ്റബിൾ മിഷൻ വഴി സൗജന്യമായി പച്ചക്കറിത്തൈകളും വിത്തും നൽകി വിദ്യാർത്ഥികളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കാനുള്ള പദ്ധതി ആവിഷ്കരിക്കണം. സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും അക്ഷയ ഗ്രാമങ്ങൾ നടപ്പിലാക്കണം. തോടുകളും നീരുറവകളും മണ്ണും മണലും നിറഞ്ഞ് കാലവർഷത്തിൽ ഗതിമാറി ഒഴുകി കൃഷി നശിക്കുന്നത് തടയാൻ പദ്ധതി നടപ്പാക്കണം. കൃഷി ഓഫീസുകളിലെ ഒഴിവുകൾ നികത്തണം. കൃഷി ഓഫീസർമാർ ആഴ്ചയിൽ രണ്ട് ദിവസം കൃഷിയിടങ്ങൾ സന്ദർശിക്കുന്നതിനും കർഷകർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തണം. കർഷകത്തൊഴിലാളികൾക്കും കർഷക അവാർഡ് നൽകണം. വിത്തിന്റേയും വളത്തിന്റേയും ഗുണമേന്മ ഉറപ്പുവരുത്തുകയും യഥാസമയം വിതരണം ചെയ്യുകയും വേണം. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ നീരുറവകളുടേയും പുഴകളുടേയും സംരക്ഷണം, തെങ്ങിന് തടമെടുക്കൽ, കയ്യാല

നിർമ്മാണം എന്നിവ ഉൾപ്പെടുത്തണം. ബഹുവിള-ഇടവിള കൃഷികൾ വ്യാപകമാക്കുകയും കാലാവസ്ഥാ വ്യതിയാനവും ജലക്ഷാമവും പരിഗണിച്ച് വിള വ്യതിയാനം കൊണ്ടുവരികയും ചെയ്യണം. പൊസിഷൻ ഫാമിംഗ്, ഗ്രീൻ ഫാമിംഗ് മുതലായ നവീന കൃഷി രീതികൾ സാർവ്വത്രികമാക്കണം. കേന്ദ്ര-സംസ്ഥാന കാർഷിക പദ്ധതികളെക്കുറിച്ച് വിജ്ഞാന വ്യാപനം നടപ്പിലാക്കണം. ചെറുകിട യന്ത്രങ്ങൾ ലഭ്യമാക്കാൻ ബ്ലോക്ക്തലത്തിൽ സംവിധാനങ്ങൾ ഉണ്ടാക്കുകയും കർഷകത്തൊഴിലാളികളെ പങ്കാളികളാക്കുകയും ചെയ്യണം. പെരിങ്ങളം നിയോജക മണ്ഡലത്തിൽ കാർഷിക ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

കൃഷിവകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): 'തരിശ് രഹിത കേരളം' എന്നത് കഴിഞ്ഞ വർഷം തന്നെ പ്രഖ്യാപിക്കപ്പെട്ടതാണ്. പാടങ്ങൾ കൃഷിയോഗ്യമാക്കുക എന്നുള്ളതാണ് ഇതിൽ പ്രധാനം. തരിശായി കിടക്കുന്ന പാടങ്ങൾക്ക് സഹായമായി കൊടുക്കുന്ന 5,000/- രൂപയ്ക്ക് പുറമെ നിലമൊരുക്കലും വിത്തുവിതരണവും ജലനിർഗ്ഗമന മാർഗ്ഗങ്ങൾ നന്നാക്കി കൊടുക്കുകയും ചെയ്യുന്നതിലൂടെ ചില സ്ഥലങ്ങളിൽ 25,000/- രൂപയുടെ സഹായം വരെ നൽകിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെയും പ്രാദേശിക ഭരണ സ്ഥാപനങ്ങളുടേയും വിവിധ പദ്ധതികൾ കൂട്ടിയോജിപ്പിച്ചാണ് പാടങ്ങൾ കൃഷിയോഗ്യമാക്കുന്നത്. പത്ത് വർഷം നെൽകൃഷി ചെയ്ത 60 വയസ്സ് കഴിഞ്ഞവർക്കാണ്. 'കിസാൻ അഭിമാൻ' പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പതിനായിരത്തോളം വരുന്ന കർഷകർക്ക് എ.ടി.എം. വഴി ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന നാളികേര കർഷകർക്ക് പെൻഷൻ പദ്ധതി പ്രഖ്യാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നെല്ലിന്

സമഗ്ര ഇൻഷ്വറൻസ് പരിരക്ഷ ഈ വർഷം ഏർപ്പെടുത്തുന്നതാണ്. മറ്റു വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. കേരളത്തിലെ നാഷണൽ സർവ്വീസ് സ്കീമിന്റെ യൂണിറ്റുള്ള 500 സ്ക്കൂളുകളെയെങ്കിലും പുതിയ കൃഷി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. 25 ലക്ഷം പച്ചക്കറിത്തൈകൾ ഈ വർഷം സൗജന്യമായി വിതരണം നടത്തുന്നതാണ്. 2010-11 ൽ 100 അക്ഷയ ഗ്രാമങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്. കൃഷി ഓഫീസുകളിലെ ഒഴിവുകൾ നികത്തിക്കൊണ്ടിരിക്കുകയാണ്. കർഷക അവാർഡുകൾ താഴെതലത്തിൽ കൂടി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. ജൈവവളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം മെച്ചപ്പെടുത്തും. വിജ്ഞാന വ്യാപന പ്രവർത്തനം കൂടുതൽ വ്യാപകമാക്കുന്നതിന് ഗ്രീൻ കാർഡ് ഉൾപ്പടെയുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. യന്ത്രവൽക്കരണം വ്യാപകമാക്കും. കാർഷിക യൂണിവേഴ്സിറ്റിയിൽ ആവശ്യമായ യന്ത്രങ്ങൾ ഡിസൈൻ ചെയ്ത് കർഷകർക്ക് എത്തിക്കുന്നതിനുള്ള സംവിധാനം വിപുലമാക്കും. കാർഷികമേഖലയുടെ സമഗ്ര പുരോഗതിക്കായി പുതിയ സമിതി രൂപീകരിക്കുന്നതിനെക്കുറിച്ച് കാർഷിക സർവ്വകലാശാലയിലെ വിദഗ്ദ്ധരുമായും കർഷക സംഘടനകളുമായുള്ള ആലോചന ഏപ്രിൽ മാസം തന്നെ നടത്തുന്നതാണ്. പെരിങ്ങളം മണ്ഡലത്തിൽ ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(2) <u>മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതി</u>

<u>ശ്രീ. മോൻസ് ജോസഫ്:</u> 1974 –ൽ ആരംഭിച്ച മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതി കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. 2011-ലും പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയാത്ത സാഹചര്യമാണ്. പ്രസ്തുത പദ്ധതി വഴി 19237 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ ലക്ഷ്യമിട്ടിരുന്ന സ്ഥാനത്ത് 10314 ഹെക്ടർ സ്ഥലത്തു മാത്രമേ വെള്ളം ലഭ്യമാകുന്നുള്ളു. 25 കിലോമീറ്റർ മിസ്സിംഗ് ലിങ്ക് പൂർത്തിയാക്കാൻ കഴിഞ്ഞാൽ 7000 ഹെക്ടർ സ്ഥലത്തുകൂടി ജലസേചന സൗകര്യം ഉറപ്പുവരുത്താൻ കഴിയും. ചെറിയ റീച്ചുകളിലെ മുടങ്ങിക്കിടന്ന പണികൾ പൂർത്തീകരിച്ചാൽ മാഞ്ഞൂർ പഞ്ചായത്തിൽ എഴുതോണിപ്പാടം വരെ വെള്ളം എത്തുന്നതാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഏതാനും മാസങ്ങൾക്കുള്ളിൽ ചെയ്യാവുന്ന വർക്കുകൾക്ക് മുൻഗണന കൊടുത്ത് 2011-ൽ കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മടക്കത്താനം, ആനിക്കാട് ഈസ്റ്റ് എന്നിവിടങ്ങളിൽ ഭൂമി എറ്റെടുക്കുന്ന കാര്യം ഗൗരവമായി പരിശോധിക്കണം. കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ മൂന്നു റീച്ചുകൾക്കുവേണ്ടി ഏറ്റെടുത്ത സ്ഥലത്ത് നിർമ്മാണം തുടങ്ങാൻ കഴിയുന്ന സാഹചര്യമുണ്ടാക്കണം. ഉപ്പുകണ്ടം, അമ്പലംകുന്ന്, ദേവമാതാകുന്ന് എന്നിവിടങ്ങളിൽ ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയായിട്ടും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാത്തത് ഗൗരവമായി കണക്കിലെടുക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ)</u>: മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് 1974-ൽ പ്ളാനിംഗ് കമ്മീഷന്റെ അംഗീകാരത്തോടെ തുടങ്ങുകയും 1994-ൽ ഭാഗീകമായി കമ്മീഷൻ ചെയ്യുകയും

ചെയ്തു. മുടങ്ങിക്കിടന്നിരുന്ന ഏറ്റുമാനൂർ ബ്രാഞ്ച് കനാലിന്റെ ചെയിനേജ് 4300 മീറ്റർ മുതൽ 4960 മീറ്റർ വരെയുള്ളതും ചെയിനേജ് 5400 മീറ്റർ മുതൽ 6154 മീറ്റർ വരെയുള്ളതും കൂടാതെ റയിൽവേ ലൈനിന്റെ മുകളിൽ കൂടിയുള്ള എഴുത്തോണിപാടം അക്വഡക്റ്റിന്റെയും പണികൾ തുടങ്ങിക്കഴിഞ്ഞു. നിറുത്തിവച്ചിരുന്ന പണിയായ ചെയിനേജ് 14700 മീറ്റർ മുതൽ 15024 മീറ്റർ വരെയുള്ള അക്വഡക്റ്റിന്റെയും നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. മൂവാറ്റുപുഴ ബ്രാഞ്ച് കനാലിന്റെ ചെയിനേജ് 1000 മീറ്റർ മുതൽ 8000 മീറ്റർ വരെയുള്ള കനാലിന്റെ നിർമ്മാണ പ്രവൃത്തികൾ മാർച്ച് 2010-ൽ പൂർത്തീകരിക്കാനാവും. 9000 മീറ്റർ മുതൽ 10210 മീറ്റർ വരെയുള്ള പണികൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ എടുത്തുവരുന്നു. പിറവം ബ്രാഞ്ച് കനാൽ പണികൾ 2010 മാർച്ചിൽ പൂർത്തീകരിക്കാനാകും. പാലക്കുഴ ലിഫ്റ്റ് ഇറിഗേഷന്റെ മോട്ടോർ പമ്പ് സ്ഥാപിക്കുന്നതിന്റേയും ഇലക്ട്രിക്കൽ വർക്കുകളുടേയും പണി ഉടനെ ആരംഭിക്കുന്നതാണ്. മാമലശ്ശേരി ചെയിനേജ് 625 മീറ്റർ മുതൽ 876 മീറ്റർ വരെയുള്ള ഭാഗത്ത് പണികൾ പുരോഗതിയിലാണ്. എന്നാൽ 1400 മീറ്റർ മുതൽ 1800 മീറ്റർ വരെയുള്ള ഭാഗത്തെ പണികൾ സാങ്കേതിക കാരണങ്ങളാൽ ടെണ്ടർ ടെർമിനേറ്റ് ചെയ്തതിനുശേഷം ബാലൻസ് എസ്റ്റിമേറ്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പെരിങ്ങഴ ഡിസ്ട്രിബ്യൂട്ടറിയുടെ അവസാന ഭാഗത്തിന്റെ വർക്ക് ടെണ്ടർ ചെയ്തിട്ടുണ്ട്. കുറുവല്ലൂർ/ഓണക്കൂർ എന്നീ ഡിസ്ട്രിബ്യൂട്ടറികളുടെ പണികൾ മാർച്ച് മാസത്തോടെ പൂർത്തീകരിക്കാനാവും. കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 1210 മീറ്റർ മുതൽ 2560 മീറ്റർ വരെയുള്ളതും 2560 മീറ്റർ മുതൽ 4110 മീറ്റർ വരെയുള്ളതുമായ വർക്കുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. നടുക്കര (ആനിക്കാട്)

മൈനർ ഡിസ്ട്രിബ്യൂട്ടറിയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. മടക്കത്താനം/ കാരിക്കോട് 0 മുതൽ 1210 വരെയുള്ള ഭാഗത്തെ പണികളുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരികയാണ്. കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി ചെയിനേജ് 4110 മീറ്റർ മുതൽ 10390 മീറ്റർ വരെയുള്ള പണികൾക്കും ഉപ്പുകണ്ടം/അമ്പലംകുന്ന് ദേവാമാതാകുന്ന് എന്നീ ഡിസ്ട്രിബ്യൂട്ടറികൾക്കും വേണ്ടിയുള്ള സ്ഥലമെടുപ്പ് ജോലികൾ പൂർത്തീകരിച്ചുവരുന്നു. ഇടയാർ ഡിസ്ട്രിബ്യൂട്ടറി/പൈങ്കുളം അക്വഡക്ട് എന്നീ പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എല്ലാ പണികളും 2010 ഡിസംബറോടെ പൂർത്തീകരിച്ച് മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതി 2011 മാർച്ചിൽ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു. ഈ ആഴ്ചയിൽതന്നെ മൂവാറ്റുപുഴ ഇറിഗേഷൻ പ്രോജക്ടിന്റെ റിവ്യൂ മീറ്റിംഗ് വിളിച്ചുചേർത്ത് പ്രവൃത്തി പുരോഗതിയും വർക്ക് ഷെഡ്യൂൾ റീ-അറേഞ്ചുമെന്റും പ്രോജക്ട് മോണിട്ടറിംഗ് സെൽ രൂപീകരണവും ചർച്ച ചെയ്യുന്നതാണ്.

**സബ്മിഷൻ**

(1) <u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

<u>ശ്രീമതി കെ.കെ. ലതിക</u> : കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉദ്യോഗസ്ഥ സംവിധാനത്തിന്റെ കഴിവുകേടുമൂലം നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഇത്തരം പദ്ധതികൾ പൂർത്തീകരിക്കുന്നതിന് പ്രത്യേക വകുപ്പ് രൂപീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u> : കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാന സർക്കാരാണ് നടപ്പിലാക്കുന്നതെങ്കിലും കേന്ദ്രസർക്കാരിന്റെ വിവിധ വകുപ്പുകളുടെ നിയന്ത്രണമുണ്ട്. പദ്ധതി

സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പ് അദ്ധ്യക്ഷൻമാരുടെ യോഗം സമയാസമയങ്ങളിൽ വിളിച്ചുചേർത്ത് പുരോഗതി വിലയിരുത്താറുണ്ട്. മുഖ്യമന്ത്രിയും പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാനും പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നുണ്ട്. നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിനായി പ്ലാനിംഗ് ബോർഡിലെ ടെക്നിക്കൽ സെല്ലിന്റെയും ഗവൺമെന്റിലെ മോണിട്ടറിംഗ് യൂണിറ്റിന്റെയും പ്രവർത്തനം ശക്തമാക്കുന്നതാണ്.

(2) <u>വിഴിഞ്ഞം തുറമുഖം</u>

<u>ശ്രീ. വി.ജെ. തങ്കപ്പൻ</u> : വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u> : വിഴിഞ്ഞം അന്താരാഷ്ട്ര ടെർമിനലിന്റെ നിർമ്മാണത്തിന് തെരഞ്ഞെടുത്ത കമ്പനിയുടെ സെക്യൂരിറ്റി ക്ളിയറൻസിനുള്ള അപേക്ഷ കേന്ദ്രസർക്കാർ നിഷേധിച്ചുവെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ പരിഷ്ക്കരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനും സംസ്ഥാന സർക്കാർ സ്ഥാപനമായ വി.ഐ.എസ്.എൽ-നെ ചുമതലപ്പെടുത്തുകയും വൈദ്യുതി, ശുദ്ധജലം, റോഡ്, റെയിൽ എന്നിവ ഉൾപ്പെടെ 450 കോടി രൂപയുടെ അടിസ്ഥാന വികസന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതിൽ 87 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ശുദ്ധ ജലത്തിനുള്ള ടെണ്ടർ നടപടികൾ കേരള വാട്ടർ അതോറിറ്റി പൂർത്തിയാക്കിയിട്ടുണ്ട്. റെയിൽവേ കണക്ടിവിറ്റിയുടെ ഡീറ്റെയിൽഡ് പ്രൊപ്പോസൽ

റെയിൽവേ മന്ത്രാലയത്തിനു കീഴിലുള്ള റൈറ്റ്സ് തയ്യാറാക്കിയിട്ടുണ്ട്. റെയിൽവേ കണക്ടിവിറ്റി ഏറ്റെടുക്കണമെന്ന് കേന്ദ്ര റയിൽവേ മന്ത്രിയോടും റോഡ് നിർമ്മാണത്തിന് സഹായിക്കണമെന്ന് നാഷണൽ ഹൈവൈ അതോറിറ്റി ഓഫ് ഇൻഡ്യയോടും മുഖ്യമന്ത്രി അഭ്യർത്ഥിച്ചിട്ടുണ്ട്. സ്വകാര്യ നിക്ഷേപകരും സംരംഭകരും മുതൽമുടക്കുന്നതിനായി പദ്ധതി കൂടുതൽ ആകർഷകമാക്കുന്നതാണ്. വിഴിഞ്ഞം പദ്ധതിയുടെ ഉപദേശകരായി നിയമിച്ച ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷൻ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് പരിഷ്ക്കരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി മാർക്കറ്റ് സ്റ്റഡി നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എൻവയോൺമെന്റൽ സ്റ്റഡി നട ത്താനുള്ള ഏജൻസിയെ ഈ മാസംതന്നെ തീരുമാനിക്കും. ഏപ്രിൽ മാസ ത്തിൽ ആഗോള ഇൻവെസ്റ്റേഴ്സ് മീറ്റിംഗ് നടത്തി പ്രോജക്ട് നടപ്പിലാക്കുന്ന താണ്. മെയ് മാസത്തിൽ സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ആദ്യപടിയായി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കാൻ കഴിയും. നവംബർ-ഡിസംബർ മാസത്തോടുകൂടി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഈ വർഷം തന്നെ വിഴിഞ്ഞം അന്താരാഷ്ട്ര ടെർമിനലിന്റെ പണി ആരംഭി ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(3) <u>ക്രിക്കറ്റ് താരങ്ങൾക്ക് പാരിതോഷികം</u>

<u>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി</u> : 20-20 ലോക കപ്പ് ക്രിക്കറ്റ് മൽസര ത്തിൽ ഇൻഡ്യൻ ടീമിലുണ്ടായിരുന്ന ശ്രീശാന്തിനും റോബിൻ ഉത്തപ്പയ്ക്കും പ്രഖ്യാപിച്ചിരുന്ന പാരിതോഷികം അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u> : 2007 സെപ്റ്റംബറിൽ

ദക്ഷിണാഫ്രിക്കയിൽവച്ച് നടന്ന 20-20 ലോകകപ്പ് ക്രിക്കറ്റ് മൽസരത്തിൽ ഇൻഡ്യൻ ടീമിൽ ഉൾപ്പെട്ട മലയാളിയായ ശ്രീശാന്തിനും ജന്മംകൊണ്ട് മലയാളിയായ റോബിൻ ഉത്തപ്പയ്ക്കും കേരള സർക്കാർ യഥാക്രമം അഞ്ചു ലക്ഷം രൂപയും മൂന്നു ലക്ഷം രൂപയും പാരിതോഷികം നൽകാൻ തീരുമാനി ച്ചിരുന്നുവെങ്കിലും ഇവരുടെ അസൗകര്യം മൂലം തുക കൈമാറാൻ താമസം വന്നു. 20-03-2010-ന് വൈകുന്നേരം അഞ്ചുമണിക്ക് കോഴിക്കോട് മാനാഞ്ചിറ സ്ക്വയറിൽവച്ച് താരങ്ങൾക്ക് പാരിതോഷികം കൈമാറുന്നതാണ്.

(4) കുടിവെള്ളക്ഷാമം

ശ്രീ. കെ. എം. മാണി: കഴിഞ്ഞ മൂന്ന് ദിവസമായി പാലാ നിയോജകമ ണ്ഡലത്തിലും തിരുവനന്തപുരം നഗരത്തിലും അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം അടിയന്തിരമായി പരിഹരിക്കണം. പമ്പ് ഹൗസിന്റെയും കിണറിന്റെയും പണി തീർന്ന പാലാ മുനിസിപ്പാലിറ്റിയിലെ ആഗ്മന്റേഷൻ സ്കീം ഒന്നര കിലോമീറ്റർ ദൂരം പൈപ്പ് ലൈനിട്ട് പ്രാവർത്തികമാക്കണം. കേരളത്തിന്റെ പൊതുവായ കുടിവെള്ളപ്രശ്നം കൂടി സമയബന്ധിതമായി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): കുടിവൈള്ള പ്രശ്നം പരിഹരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് ഡ്രൗട്ട് റിലീഫ് ഫണ്ട് എന്ന നിലയിൽ 15 കോടി രൂപയും അടിയന്തിര ഘട്ടത്തിൽ ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്നതിന് റവന്യൂ വകുപ്പിന്റെ ദുരിതാശ്വാസ നിധിയിൽ നിന്നും പത്ത് കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പാലായിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളക്ഷാമം

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കമ്മീഷനിംഗുമായി ബന്ധപ്പെട്ട് വന്നിട്ടുള്ളതാണ്. ശുദ്ധജല വിതരണം തടസ്സപ്പെട്ടിരുന്ന ദിവസങ്ങളിൽ അത്യാവശ്യം ടാങ്കർ ലോറികളിൽ വെള്ളം എത്തിച്ചിട്ടുണ്ട്. ഏപ്രിൽ മാസത്തിൽ തിരുവനന്തപുരം നഗരത്തിലേയ്ക്ക് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കമ്മീഷനിംഗ് നടത്താനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. വി. ശിവൻകുട്ടി: തലസ്ഥാന നഗരിയിൽ ഇന്നലെയും ഇന്നുമായി അനുഭവപ്പെടുന്ന അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് വെള്ളയമ്പലം ജംഗ്ഷനിൽ ഏതാണ്ട് ആയിരം എം.എം. കാസ്റ്റ് അയൺ പൈപ്പിൽ 700 എം.എം. മൈൽഡ് സ്റ്റീൽ പൈപ്പ് ബന്ധിപ്പിക്കുന്ന ജോലിയാണ് നടന്നുകൊണ്ടിരിക്കുന്നത്. സാങ്കേതിക പിഴവുകൊണ്ടാണ് പൈപ്പ് ലൈനുകൾ തമ്മിൽ കണക്ട് ചെയ്യാൻ കഴിയാത്തത്. തലസ്ഥാന നഗരത്തിൽ സ്ഥിരം പൈപ്പ് പൊട്ടലാണ്. ഇക്കാര്യത്തിൽ പ്രാദേശികമായി ഇടപെടുന്നതിന് ജനകീയ കമ്മിറ്റികൾ ഉൾപ്പെടെ രൂപീകരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ .കെ. പ്രേമചന്ദ്രൻ): പൈപ്പ് പൊട്ടലുമായി ബന്ധപ്പെട്ടും വെള്ളയമ്പലത്ത് ആയിരം മില്ലിമീറ്റർ പൈപ്പ് 700 എം.എം. പൈപ്പുമായി കണക്ട് ചെയ്യുന്നതിലും സാങ്കേതികമായ പിഴവ് അല്ല ഉണ്ടായത്. വർക്ക് ചെയ്തുവന്നപ്പോൾ ജോയിൻ ചെയ്യുന്നതിന് വന്നിട്ടുള്ള കാലതാമസമാണ്. ഇന്ന് വൈകുന്നേരം രണ്ട് മണിക്കൂർ നേരം കൂടി പമ്പിംഗ് നിറുത്തിവച്ചെങ്കിൽ മാത്രമേ പണി പൂർത്തീകരിക്കാനാകൂ. കാരണം പരമ്പരാഗതമായ മെക്കാനിസമാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്. ഇപ്പോഴും ലീക്കുണ്ട്. സിറ്റിയിലെ എം.എൽ.എ, മേയർ, റസിഡൻസ് അസോസിയേഷൻ

പ്രതിനിധി എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(5) മെഗാ ടൂറിസം പ്രോജക്ട്

ശ്രീ. സി. കെ. സദാശിവൻ: ആലപ്പുഴ മെഗാ ടൂറിസം പ്രോജക്ടിൽ അരൂർ മുതൽ കായംകുളംവരെയുള്ള പ്രദേശങ്ങൾകൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ആലപ്പുഴയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ടൂറിസം വകുപ്പ് തയ്യാറാക്കുന്ന പദ്ധതിയിൽ കായംകുളം കായലും പരിസര പ്രദേശങ്ങളും ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. മെഗാ ടൂറിസം പദ്ധതിയിൽ മുസിരീസ് പൈതൃക പ്രോജക്ടും വയനാട് മെഗാ ടൂറിസം പ്രോജക്ടും ഉൾപ്പെടുത്താനാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളത്. തുടർന്ന് നൽകാനുദ്ദേശിക്കുന്ന പദ്ധതിക്കകത്ത് ആലപ്പുഴയേയും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളെല്ലാം ചേർത്തൊരു മെഗാ ടൂറിസം പദ്ധതി അനുവദിച്ചുകിട്ടുകയാണെങ്കിൽ കേരളത്തിലെ ടൂറിസം മേഖലയ്ക്ക് ഒരു മുതൽക്കൂട്ടാകും. ആലപ്പുഴ മെഗാ ടൂറിസം പ്രോജക്ട് സംബന്ധിച്ച് തീരുമാനമെടുത്ത് കേന്ദ്രസർക്കാരിനെ അറിയിക്കുന്നതാണ്.

(6) സർക്കാർ ഭൂമി കയ്യേറ്റം

ശ്രീ. എം. മുരളി: മാവേലിക്കര താലൂക്കിൽ ചെന്നിത്തല വില്ലേജിലെ കാരായ്മ പടിഞ്ഞാറ്റുംമുറിയിലെ സർക്കാർ ഭൂമിയും തോടും കൃത്രിമരേഖയുണ്ടാക്കി സ്വകാര്യ വ്യക്തി അധീനപ്പെടുത്തിയിരിക്കുന്നത് വീണ്ടെടുക്കുകയും മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കുറ്റവാളികളുടെ പേരിൽ കർശന നടപടി സ്വീകരിക്കുകയും വേണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): പടിഞ്ഞാറ്റുംമുറിയിൽ പുറംപോക്ക് ഭൂമി ഒരു വ്യക്തി കയ്യേറിയതായി മാവേലിക്കര താലൂക്ക് വികസന സമിതിയിൽ പരാതി ലഭിച്ചതിനെത്തുടർന്ന് സർവ്വേയർ പുറംപോക്ക് ഭൂമി അളന്നുതിട്ടപ്പെടുത്തുകയും കയ്യേറ്റമുള്ളതായി കണ്ടെത്തുകയും ചെയ്തു. കയ്യേറ്റക്കാരൻ മാവേലിക്കര മുൻസിഫ് കോടതിയിൽ അന്യായം ഫയൽ ചെയ്തിനെത്തുടർന്ന് എതിർകക്ഷികൾ വസ്തുക്കളിൽ പ്രവേശിക്കരുതെന്ന് കോടതി നിരോധന ഉത്തരവ് പുറപ്പെടുവിച്ചതിനാൽ കയ്യേറ്റം ഒഴിപ്പിക്കാൻ തഹസിൽദാർക്ക് സാധിച്ചിട്ടില്ല. സ്വകാര്യ വ്യക്തി സർവ്വേ റവന്യൂ റെക്കാർഡുകളിൽ അനുകൂലമായ ഉത്തരവ് സമ്പാദിച്ചത് സംബന്ധിച്ച നടത്തിയ അന്വേഷണത്തിൽ, നിയമാനുസൃത നടപടിക്രമം പാലിക്കാതെയും തർക്കം നിലനിൽക്കുന്ന സാഹചര്യത്തിൽ സബ് ഡിവിഷൻ അംഗീകരിച്ച് ഉത്തരവ് ഇറക്കിയതിലും വില്ലേജ് ഓഫീസർ തണ്ടപ്പേരിൽപ്പെടുത്തി കരം സ്വീകരിച്ചതിലും അഴിമതിയും ക്രമക്കേടും നടന്നിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ അദാലത്ത് ഫയൽ അംഗീകരിച്ച് ഉത്തരവിറക്കിയ ഉദ്യോഗസ്ഥനെ ഇടുക്കിയിലെ മറ്റൊരു കേസ്സുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്തിട്ടുണ്ട്. മറ്റുള്ള ഉദ്യോഗസ്ഥരുടെ പങ്കിനെക്കുറിച്ച് അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കോടതി സ്റ്റേ ഒഴിവാക്കി ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതാണ്.

(7) എൽ.ബി.എസ് ജീവനക്കാരുടെ സെക്രട്ടേറിയറ്റ് മാർച്ച്

ശ്രീ. പി. ജയരാജൻ: ഇരുപത് വർഷത്തോളമായി താൽക്കാലിക അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുക, തടഞ്ഞുവച്ചിരിക്കുന്ന ഇൻക്രിമെന്റ് അനുവദിക്കുക, ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു

കൊണ്ട് എൽ.ബി.എസ്. സെന്ററിലെ മുക്കാൽ ഭാഗത്തോളം വരുന്ന ജീവനക്കാർ ഇന്ന് (15-3-2010) സെക്രട്ടേറിയറ്റ് മാർച്ച് നടത്തുകയാണ്. അവരുടെ ആവശ്യങ്ങൾ അംഗീകരിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം.എ ബേബി</u>): എൽ.ബി.എസ് സെന്ററിലെ 18 വർഷത്തോളം സർവ്വീസ്സുള്ള 135 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്മേൽ എത്രയും പെട്ടെന്ന് തീരുമാനം കൈക്കൊള്ളുന്നതാണ്. സ്പെഷ്യൽ റൂൾ പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച് ലഭിച്ച റിപ്പോർട്ട് എൽ.ബി.എസ് സെന്ററിന്റെ കാര്യോപദേശക സമിതി പരിശോധിച്ച് സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കുന്ന മുറയ്ക്ക് തീരുമാനമെടുക്കുന്നതാണ്. 2006 വരെയുള്ള ഇൻക്രിമെന്റിന് തുല്യമായ വെയിറ്റേജ് അനുവദിച്ചിട്ടുണ്ട്. 2007 മുതൽ കുടിശ്ശികയുള്ള വെയിറ്റേജ് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. 2010 ഫെബ്രുവരി മാസത്തിലെ ഉത്തരവുപ്രകാരം ശമ്പളം പരിഷ്ക്കരിച്ചിട്ടുണ്ട്. ശമ്പള പരിഷ്ക്കരണം സംബന്ധിച്ചുള്ള പരാതികൾ പരിശോധിച്ച് താമസിയാതെ തീരുമാനം കൈക്കൊള്ളുന്നതാണ്.

(8) <u>ഫെയർ സ്റ്റേജ് അനുവദിക്കുന്നതിലെ അപാകതകൾ</u>

<u>ശ്രീമതി ജെ. അരുന്ധതി :</u> സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾക്ക് വെഞ്ഞാറമൂട്ടിൽ ഫെയർ സ്റ്റേജ് അനുവദിക്കണം.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. ജോസ് തെറ്റയിൽ)</u>: സൂപ്പർ ഫാസ്റ്റ് സർവീസുകൾക്ക് നിശ്ചയിച്ചിട്ടുള്ള ഫെയർ സ്റ്റേജുകളിലെ അപാകത പരിശോധിച്ച് ഫെയർസ്റ്റേജ് പുനർനിർണ്ണയിക്കുന്നതിനാവശ്യമായ പഠനറിപ്പോർട്ട് സമർപ്പിക്കാൻ ട്രാൻസ്പോർട്ട് കമ്മീഷണർക്കും കെ.എസ്.ആർ.ടി.സി-ക്കും

സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ബസ് ചാർജ്ജ് നിർണ്ണയത്തോടനുബന്ധിച്ച് രൂപീകരിച്ച കമ്മിറ്റിയുടെ തീരുമാനപ്രകാരം ഫെയർ സ്റ്റേജ് സംബന്ധിച്ച അപാകതകളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയുണ്ടായി. വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് പ്രകാരം ഫെയർ സ്റ്റേജ് നിശ്ചയിക്കുന്നതാണ്.

(9) <u>വികലാംഗ സർട്ടിഫിക്കറ്റ്</u>

<u>ശ്രീ. സി.പി. മുഹമ്മദ് :</u> അപേക്ഷ സമർപ്പിച്ച് മാസങ്ങളായി കാത്തിരിക്കുന്നവർക്ക് എത്രയുംവേഗം വികലാംഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ</u>) :2001-ലെ സെൻസസ് അനുസരിച്ച് 8 ലക്ഷത്തോളമുള്ള വികലാംഗരിൽ 1.5 ലക്ഷം പേർക്ക് മാത്രമാണ് ഐഡന്റിറ്റി കാർഡ് കിട്ടിയിട്ടുള്ളത്. 2001-ലെ സെൻസസിനുശേഷമുള്ളവർക്കു കൂടി ഐഡന്റിറ്റി കാർഡ് കൊടുക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിലെ പഞ്ചായത്തുകളിൽ പ്രൈവറ്റ് മേഖലയിലുള്ള ഡോക്ടർമാരുടെകൂടെ സഹായത്തോടെ വികലാംഗരെ കണ്ടെത്തുന്നതിനുള്ള മെഡിക്കൽ ക്യാമ്പ് നടത്തുന്നുണ്ട്. അംഗൻവാടി ജീവനക്കാരുടെ സഹായത്തോടെ വൈകല്യമുള്ളവരെ ക്യാമ്പിൽ പങ്കെടുപ്പിച്ച് ലാമിനേറ്റ് ചെയ്ത ഐഡന്റിറ്റി കാർഡ് തൽസമയം കൊടുത്തു തുടങ്ങിയിട്ടുണ്ട്. ഒരുകൊല്ലംകൊണ്ട് ഈ നടപടി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(10) <u>തീപിടുത്തം മൂലമുണ്ടായ നാശനഷ്ടം</u>

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ:</u> അഞ്ചുതെങ്ങിൽ കായിക്കരയിലുണ്ടായ തീപിടുത്തത്തിൽ വീടുകൾ പൂർണ്ണമായും കത്തിനശിച്ച 4 വീട്ടുകാരെ പുനര

ധിവസിപ്പിക്കാനും എത്രയുംവേഗം ഇവർക്ക് വീട് നിർമ്മിക്കാനുള്ള സാമ്പത്തിക സഹായം നൽകാനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) :അഞ്ചുതെങ്ങിൽ കായിക്കരയിലുണ്ടായ തീപിടുത്തത്തിൽ 4 വീടുകൾ പൂർണ്ണമായും കത്തി നശിച്ചതായും ഓരോ കുടുംബത്തിനും ചുരുങ്ങിയത് 50,000 രൂപയിൽ കൂടുതൽ നാശനഷ്ടം സംഭവിച്ചതായുമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ധനസഹായം നൽകുന്നതിനും ഇവരെ പുനരധിവസിപ്പിക്കാനുമുള്ള നടപടികളെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

(11) ടൂറിസം മേഖലയ്ക്ക് സൗജന്യങ്ങൾ നൽകാൻ നടപടി

ശ്രീ. എൻ. ശക്തൻ : ഇൻഡസ്ട്രിയൽ താരിഫ്, വിവിധതരം ടാക്സുകൾ ഏകീകരിക്കൽ തുടങ്ങി വ്യവസായ മേഖലയ്ക്ക് അനുവദിച്ചിട്ടുള്ള എല്ലാ ഇളവുകളും സൗജന്യങ്ങളും ടൂറിസം മേഖലയ്ക്കും അനുവദിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : കേരളത്തിൽ ടൂറിസത്തെ വ്യവസായമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി പവർ താരിഫ് സബ്സിഡി, ഇൻവെസ്റ്റ്മെന്റ് സബ്സിഡി എന്നിവയാണ് ടൂറിസം മേഖലയ്ക്ക് നൽകി വരുന്നത്. ഈ പദ്ധതി ആരംഭിക്കുമ്പോൾ ഉണ്ടായിരുന്നതിനേക്കാൾ ടൂറിസം യൂണിറ്റുകൾ വർദ്ധിച്ച സാഹചര്യത്തിലാണ് പവർ താരിഫ് സബ്സിഡിയും ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും നൽകുന്നതിൽ കുടിശ്ശികയും കാലതാമസവും ഉണ്ടായത്. നിലവിലുള്ള അലോട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ കുടിശ്ശികയായിരുന്ന പവർ താരിഫ് സബ്സിഡിയും ഇൻവെസ്റ്റ്മെന്റ്

സബ്സിഡിയും ടൂറിസം യൂണിറ്റുകൾക്ക് പരമാവധി പ്രയോജനം ലഭിക്കുന്ന വിധത്തിൽ സീനിയോറിറ്റി അനുസരിച്ച് നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ ടൂറിസം സംരംഭകർക്കുള്ള ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും വഴിയോര യൂണിറ്റുകളുടെ സബ്സിഡിയും ഈ മാസംതന്നെ വിതരണം ചെയ്യുന്നതാണ്.

(12) മൈനർ ഡിസ്ട്രിബ്യൂട്ടറിയുടെ പണി

ശ്രീ. കോവൂർ കുഞ്ഞുമോൻ: മൈനാഗപ്പള്ളി മൈനർ ഡിസ്ട്രിബ്യൂട്ടറിയുടെ പണി പൂർത്തീകരിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കണം. ലേബർ കോൺട്രാക്ട് സൊസൈറ്റി 2005-ൽ ഏറ്റെടുത്ത ഈ വർക്ക് അവർക്ക് ചെയ്യാൻ കഴിയില്ലെങ്കിൽ റീടെൻഡർ ചെയ്ത് പണി പൂർത്തീകരിക്കണം. കരാറുകാരെ സംരക്ഷിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): കൊല്ലം കേന്ദ്രമാക്കിയുള്ള ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് ഈ പണി ഏറ്റെടുത്തിട്ടുള്ളത്. വർക്കുകൾ ടെൻഡർ ചെയ്യുമ്പോൾ ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്കുള്ള പ്രിഫറൻഷ്യൽ ട്രീറ്റ്മെന്റ് പലപ്പോഴും ദുരുപയോഗം ചെയ്യാറുണ്ട്. ഇതിന്റെ പിന്നിലുള്ളത് കരാറുകാരാണ്. വർക്ക് റിസ്ക്ക് ആന്റ് കോസ്റ്റിൽ റീ-ടെൻഡർ ചെയ്യാനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. പണി പൂർത്തീകരിക്കുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ നടത്തിയിട്ടുണ്ട്.

(13) പ്രിയദർശിനി പാരാമെഡിക്കൽ സയൻസ് കോളേജിലെ ഒഴിവുകൾ

ശ്രീ. കെ. സി. ജോസഫ് : തിരുവനന്തപുരം പ്രിയദർശിനി പാരാമെഡിക്കൽ സയൻസ് കോളേജിൽ ഒഴിവുള്ള തസ്തികകൾ നികത്താനും ഡിഗ്രി കോഴ്സുകൾ ആരംഭിക്കാനും ആവശ്യമായ പഠന സൗകര്യങ്ങൾ ഏർപ്പെടുത്താനും ഇന്ത്യൻ ഫാർമസി കൗൺസിലിന്റെ അംഗീകാരം നഷ്ടപ്പെടുത്താതിരിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : പ്രിയദർശിനി പാരാമെഡിക്കൽ സയൻസ് കോളേജിൽ ഡിപ്ലോമ കോഴ്സുകൾക്കുപുറമേ മറ്റ് കോഴ്സുകൾ കൂടി നടത്തുന്നുണ്ട്. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ നിബന്ധനയ്ക്കനുസരിച്ചുള്ള അധ്യാപകർ ഇല്ലെങ്കിലും ജനറൽ സൈഡിൽനിന്നുള്ള അധ്യാപകരുടെ സേവനംകൂടി ഉപയോഗപ്പെടുത്തുന്നുണ്ട്. ഫാർമസി കൗൺസിലിന്റെ നിബന്ധന അനുസരിച്ചുള്ള അധ്യാപക തസ്തികകൾ അനുവദിച്ചു കൊടുത്തിട്ടുണ്ട് ഈ സ്ഥാപനത്തിന്റെ അംഗീകാരം നഷ്ടപ്പെടാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഡിഗ്രി കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ചും ചർച്ചകൾ നടന്നിട്ടുണ്ട്.

(14) കണ്ടെയ്നർ ഫ്രെയിറ്റ് സ്റ്റേഷൻ

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷന്റെ കീഴിൽ കണ്ണൂർ ജില്ലയിൽ കണ്ടെയിനർ ഫ്രെയിറ്റ് സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷന്റെ കണ്ടെയിനർ ഫ്രെയിറ്റ് സ്റ്റേഷൻ

കണ്ണൂരിൽ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി വിട്ടുകൊടുത്തിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ പണി പൂർത്തിയാക്കുന്നതാണ്.

(15) ജീവൻ ടി.വി. ക്യാമറാമാനെ മർദ്ദിച്ച സംഭവം

ശ്രീ. കെ. ബാബു : കോതമംഗലത്ത് സി.പി.ഐ.(എം) ഉപരോധം ചിത്രീകരിക്കാൻ എത്തിയ ജീവൻ ടി.വി. എറണാകുളം സ്പെഷ്യൽ കറസ്പോണ്ടന്റിനേയും ക്യാമറാമാനേയും മർദ്ദിച്ചവശരാക്കുകയും വീഡിയോ കാസെറ്റ് പിടിച്ചെടുക്കുകയും ചെയ്ത സംഭവത്തെക്കുറിച്ച് അന്വേഷിക്കാനും സ്വതന്ത്രമായ മാധ്യമ പ്രവർത്തനത്തിനുനേരെ ആക്രമണം നടത്തുന്നവരെ നിയന്ത്രിക്കാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ജീവൻ ടി.വി. ക്യാമറാമാന്റെ പരാതിയുടെ അടിസ്ഥാനത്തിൽ കോതമംഗലം പോലീസ് സ്റ്റേഷനിൽ മുപ്പതോളം പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയാണ്. പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിതമായ നടപടിയും സ്വീകരിച്ചിട്ടുണ്ട്. മാധ്യമ സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തുന്ന പ്രശ്നങ്ങൾ ഗൗരവമായി പരിഗണിക്കുന്നതാണ്.

(16) സെൻട്രൽ യൂണിവേഴ്സിറ്റിക്ക് ഭൂമി നൽകേണ്ടതിന്റെ ആവശ്യകത

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. പള്ളിപ്രം ബാലനും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് അനുവദിച്ച സെൻട്രൽ യൂണിവേഴ്സിറ്റി കാസർഗോഡ് ജില്ലയിൽ ആരംഭിക്കാൻ ആവശ്യമായ ഭൂമി അനുവദിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : കാസർഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന് 500 ഏക്കറോളം ഭൂമി ആവശ്യപ്പെട്ടതിൽ കരിന്തളം വില്ലേജിലെ 411 ഏക്കർ സ്ഥലത്തിന്റെ പ്രാഥമിക സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ ടീം സ്ഥലം പരിശോധിച്ച് അഭിപ്രായം പ്രകടിപ്പിച്ചിട്ടുമുണ്ട്. ഇതുമായി ബന്ധപ്പെട്ട കേന്ദ്ര ഗവൺമെന്റ് സമിതി തീരുമാനിച്ചാൽ ഏറ്റവും വേഗത്തിൽ നടപടികൾ കൈക്കൊള്ളാൻ കഴിയുന്നതുമാണ്. സ്ഥലം ലഭ്യമാകുന്നതുവരെ താൽക്കാലിക കെട്ടിടത്തിൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം ആരംഭിക്കുമെന്ന അറിയിപ്പിനെത്തുടർന്ന് അനുയോജ്യമായ സ്ഥലം ഏറ്റെടുത്തു കൊടുക്കുകയും ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആഗസ്റ്റ് മാസത്തിൽ പുതിയ ഫാക്കൽറ്റി തുടങ്ങുന്നതാണെന്ന് വൈസ് ചാൻസിലർ അറിയിച്ചിട്ടുമുണ്ട്.

(17) കോംട്രസ്റ്റ് വ്യവസായം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ. പ്രദീപ് കുമാർ : കോഴിക്കോട് നഗരത്തിലെ കോംട്രസ്റ്റ് വ്യവസായശാലയും അതിന്റെ കെട്ടിട സമുച്ചയവും സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : 13 കോടി രൂപ സഞ്ചിത നഷ്ടമുള്ള കോഴിക്കോട് മാനാഞ്ചിറയിലെ കോംട്രസ്റ്റ് ഇപ്പോൾ എച്ച്.ആർ.എം.-ന്റെ മേൽനോട്ടത്തിലാണ്. മൂന്ന് ഏക്കർ സ്ഥലവും കെട്ടിടവും ഉണ്ടായിരുന്നതിൽ 45 സെന്റ് സ്ഥലം ടൂറിസം സൊസൈറ്റിക്ക് വിൽക്കാൻ തീരുമാനിച്ചുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ രജിസ്ട്രേഷൻ നടന്നില്ല. 7-3-2008-ൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചുചേർത്ത ബന്ധപ്പെട്ടവരുടെ യോഗത്തിൽ കോംട്രസ്റ്റ് ബാങ്കുകൾക്കും

ധനകാര്യ സ്ഥാപനങ്ങൾക്കും കൊടുക്കാനുള്ള കുടിശ്ശിക തുകയുടെ വിശദ വിവരങ്ങൾ ഗവൺമെന്റിനെ ധരിപ്പിക്കാൻ ജില്ലാ വ്യവസായ കേന്ദ്രം മാനേജരെ ചുമതലപ്പെടുത്താനും പി.എഫ്. കുടിശ്ശിക സംബന്ധിച്ച തീരുമാനം എടുക്കുന്നതിനായി ഹൈക്കോടതിയിൽ നിന്ന് വിധി സമ്പാദിക്കുന്നതിന് കമ്പനി പ്രതിനിധികളോട് ആവശ്യപ്പെടാനും ഹൈക്കോടതിയിൽ നിലവിലുള്ള കേസിൽ വ്യവസായ വകുപ്പിനെ പ്രതിനിധീകരിച്ച് കക്ഷിചേരാൻ വ്യവസായ വാണിജ്യ-വകുപ്പിലെ അഡീഷണൽ ഡയറക്ടറെ നിയോഗിക്കാനും സർക്കാരിനുവേണ്ടി ഹൈക്കോടതിയിൽ ഹാജരാകുന്നതിന് അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിക്കാനും തീരുമാനിക്കുകയുണ്ടായി. ഈ സ്ഥാപനത്തെ സംരക്ഷിക്കുന്നതിനെ സംബന്ധിച്ച് എത്രയുംവേഗം തീരുമാനമെടുക്കുന്നതാണ്.

(18) <u>ഇന്റേണൽ അസസ്സ്മെന്റ് സമ്പ്രദായത്തിലെ പോരായ്മകൾ</u>

<u>ശ്രീ. എം. എ. വാഹീദ്</u> : സംസ്ഥാനത്തെ പ്രൊഫണഷൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനത്തിൽ മികവു പുലർത്തുന്ന വിദ്യാർത്ഥികൾ ഇന്റേണൽ മാർക്ക് കുറയുന്നതിനാൽ പരാജയപ്പെടുന്ന സ്ഥിതിയുണ്ട്. ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് അഞ്ച് ശതമാനമായി പരിമിതപ്പെടുത്താനും മുൻവർഷങ്ങളിൽ പഠനത്തിൽ വിജയിക്കുകയും ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് ലഭിക്കാത്തതിനാൽ പരാജയപ്പെടുകയും ചെയ്ത വിദ്യാർത്ഥികൾ വിജയിച്ചതായി പ്രഖ്യാപിക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ ബേബി) : പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് പരീക്ഷയിൽ വിജയിക്കുന്നതിന് നിശ്ചിത ശതമാനം ഇന്റേണൽ മാർക്ക് ഉണ്ടായിരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടില്ല. ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് കുറഞ്ഞതുകൊണ്ടുമാത്രം ഒരു വിദ്യാർത്ഥി തോൽക്കുകയില്ല. എഴുത്ത് പരീക്ഷയ്ക്കും ഇന്റേണൽ അസസ്സ്മെന്റിനും കൂടി എഞ്ചിനീയറിംഗിന് 50 ശതമാനവും പോളിടെക്നിക്കിന് 40 ശതമാനവും മാർക്ക് ഉണ്ടെങ്കിലും വിജയിക്കുന്നതാണ്. പ്രൊഫഷണൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരവും ഹാജർ നിലവാരവും പ്രായോഗിക പരിജ്ഞാനവും ഉറപ്പാക്കുന്നതിനുള്ള ഇന്റേണൽ അസസ്സ്മെന്റ് രീതി അവസാനിപ്പിക്കുന്നത് ഗുണകരമല്ല.

**മേശപ്പുറത്ത് വച്ച കടലാസ്**

ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് മേശപ്പുറത്ത് വച്ചു.

**റിപ്പോർട്ട് സമർപ്പണം**

പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**നിയമനിർമ്മാണ കാര്യം**

(1) 2010-ലെ കേരള ഉൾനാടൻ ഫിഷറി ബിൽ

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.എസ്. ശർമ്മ) : 2010-ലെ കേരള ഉൾനാടൻ ഫിഷറി ബിൽ അവതരിപ്പിക്കുന്നു.

മി.സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.എസ്. ശർമ്മ) : 2010-ലെ കേരള ഉൾനാടൻ ഫിഷറി ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ.ബേബി): പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാരം

ശ്രീ. കെ.എം. മാണി : അധികാര വികേന്ദ്രീകരണം വഴി പഞ്ചായത്തുകൾക്ക് കൊടുത്ത അധികാരം ഫിഷറീസ് ആക്ട് റദ്ദ് ചെയ്യുന്നതോടുകൂടി ഇല്ലാതാവുകയാണ്. ബില്ലിലെ മിസ് ലീഡ് ചെയ്യപ്പെടുന്ന 3-ാം വകുപ്പ് റദ്ദ് ചെയ്യണം. പഞ്ചായത്തുകൾക്ക് നൽകിയ അധികാരം ഈ ബില്ലിലെ 9, 12, 14 വകുപ്പുകൾ പ്രകാരം ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കൊടുത്തിരിക്കുന്നത് ഭരണഘടന വിരുദ്ധമാണ്. അതുകൊണ്ട് ഈ ബിൽ പരിഗണനനയ്ക്ക് എടുക്കാൻ പാടില്ല.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.എസ്. ശർമ്മ) : അധികാര വികേന്ദ്രീകരണംവഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാരം കവർന്നെടുക്കാൻ നയപരമായോ ഭരണപരമായോ സർക്കാർ ഉദ്ദേശിച്ചിട്ടില്ല. പഞ്ചായത്തിന് നൽകിയിട്ടുള്ള അധികാരങ്ങൾ ബില്ലിൽ പ്രത്യേകമായി പറഞ്ഞിട്ടുണ്ട്. സെക്ഷൻ 5(2) അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ജലാശയങ്ങളിലെ മത്സ്യബന്ധനത്തിന് ലൈസൻസ് നൽകാനുള്ള അധികാരം അതാത് തദ്ദേശസ്വയം

ഭരണ സ്ഥാപനങ്ങളിൽ തന്നെ നിക്ഷിപ്തമായിരിക്കുന്നതാണ്. 16-ാം വകുപ്പിൽ ലൈസൻസ് ഹാജരാക്കുന്നതിനുള്ള ബാധ്യതയെക്കുറിച്ച് പരാമർശിക്കുന്നിടത്ത് ലൈസൻസ് ആവശ്യപ്പെടാനും പരിശോധിക്കാനുമുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഇതിലേയ്ക്കായി അധികാര പ്പെടുത്തിയ ഉദ്യോഗസ്ഥനുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥനെന്ന് പറയുന്നത് ഫിഷറീസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥനാ യിരിക്കും. മത്സ്യഭവൻ പഞ്ചായത്തിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. മത്സ്യഭവനിനാണ് പഞ്ചായത്തിലെ ഉദ്യോഗസ്ഥരെ നിശ്ചയിക്കാനുള്ള അവകാശം. ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട കാര്യത്തിൽ ഫിഷറീസ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തേണ്ടത്. പഞ്ചായ ത്തുകളുടെ അധികാരം പൂർണ്ണമായി സംരക്ഷിക്കുന്ന ബില്ല് അവതരി പ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ബില്ലിൽ അപാകതകളുണ്ടെങ്കിൽ ചർച്ചാ വേളയിലോ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനനയ്ക്ക് വരുമ്പോഴോ പരിഹരിക്കുന്നതാണ്.

**റൂളിംഗ്**

<u>മി.സ്പീക്കർ:</u> തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം കവർന്നെടുക്കുകയെന്നുള്ളതല്ല ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് അസന്നിഗ്ദ്ധ മായി വ്യക്തമാക്കുകയും തർക്കങ്ങളോ പ്രശ്നങ്ങളോ ഉണ്ടെങ്കിൽ സബ്ജക്ട് കമ്മിറ്റിയിലടക്കം ചർച്ച ചെയ്ത് പരിഹരിക്കാം എന്ന് പറഞ്ഞതിന്റെ അടിസ്ഥാ നത്തിൽ ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ല.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. എസ്. ശർമ്മ):</u> ഉൾനാടൻ മേഖലയിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യസമ്പ ത്തിന്റെ ശോഷണത്തിനിടയാക്കുന്ന അമിത ചൂഷണം നിയന്ത്രിക്കുന്നതിനും

മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും മത്സ്യങ്ങളുടെ രോഗങ്ങൾ തടയുന്നതിനും മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനമൊട്ടാകെ ഒരു ഏകീകരണനിയമം നടപ്പിലാക്കുന്നതിനാണ് ഈ ബില്ലിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരങ്ങൾ പൂർണ്ണമായി സംരക്ഷിച്ചും ആ അധികാരങ്ങൾ നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനും ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

<u>ശ്രീ. എ. സി. മൊയ്തീൻ:</u> 2010 -ലെ കേരള ഉൾനാടൻ ഫിഷറി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-06-2010 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രകൃതിദത്തമായ ജല വിഭവങ്ങൾ നശിച്ചുപോകാതെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും ഉൾനാടൻ മത്സ്യ മേഖല വികസിപ്പിക്കുന്നതിനും ശാസ്ത്രീയമായി പരിപാലിക്കുന്നതിനും സംസ്ഥാനത്തിന് സാമ്പത്തിക അഭിവൃദ്ധി ലഭിക്കുന്നതിനും ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒരു മത്സ്യ മേഖലാ വികസന പരിപാലന നയം ആവശ്യമാണ്. കേരള സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളുടെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും വിത്തുകളുടെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനും മത്സ്യോൽപാദനം വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിൽ പണിയെടുക്കുന്ന രണ്ടരലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികളേയും അനുബന്ധ മേഖലകളിലുള്ളവരേയും സഹായിക്കുന്നതിനുംവേണ്ടി അവതരിപ്പിച്ച ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു. സംസ്ഥാനത്തെ 9 തടാകങ്ങളും 44 നദികളും അമ്പതോളം ജല സംഭരണികളും നൂറോളം ചെക്ക് ഡാമുകളും കായൽ പ്രദേശങ്ങളും ഓരു ജലാശയങ്ങളുമെല്ലാം പ്രയോജനപ്പെടു

ത്തിക്കൊണ്ട് ഉൾനാടൻ മത്സ്യമേഖലയിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് ഇപ്പോൾ സ്വീകരിക്കുന്ന നയങ്ങളുടെ ഫലമായി കഴിഞ്ഞിട്ടുണ്ട്. ജലസ്രോതസ്സുകൾ മലിനമാക്കപ്പെടുന്നതിനാൽ വംശനാശം വന്നുകൊണ്ടിരിക്കുന്ന നാടൻ മത്സ്യസമ്പത്തിനെ സംരക്ഷിക്കുവാൻ കഴിയുന്ന ഇടപെടലുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ നാടൻ മത്സ്യഇനങ്ങളുടെ അവകാശം ആ പാടത്തെ കൃഷിക്കാരനു തന്നെയാണോ എന്നുള്ളതും വെള്ളം വറ്റിക്കുമ്പോൾ ഉണ്ടാകുന്ന മത്സ്യ സമ്പത്ത് കൃഷിക്കാരന് അവകാശപ്പെട്ടതാണോ എന്നുള്ളതും വ്യക്തമാക്കണം. ഗുണമേന്മയുള്ള മത്സ്യത്തിന്റെ വിത്ത് ആവശ്യാനുസരണം കർഷകന് ലഭ്യമാക്കുവാൻ കഴിയണം. നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുവാൻ കഴിയാത്ത സ്ഥിതിയുള്ളതിനാലും അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുമ്പോൾ പലപ്പോഴും ഗുണനിലവാരമില്ലാത്ത വിത്തുകൾ ലഭിക്കുന്നതിനാലും കൃഷിക്കാർക്ക് പലപ്പോഴും നാശനഷ്ടം ഉണ്ടാകുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടും മറ്റും പരമാവധി പ്രയോജനപ്പെടുത്തി മത്സ്യോല്പാദനവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കാൻ കഴിയണം. ബില്ലിൽ 'സ്വതന്ത്ര വല എന്ന നിർവ്വചനത്തിൽ ചൂണ്ട' ഉൾപ്പെടുത്തിയത് ചെറുകിട തൊഴിൽ എന്ന നിലയിലാണ്. എന്നാൽ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന വസ്തുക്കളിൽ നിരോധനം വേണ്ട വസ്തുക്കളുടെ ഗണത്തിൽപ്പെടുത്തേണ്ട ഒന്നാണോ ചൂണ്ട എന്ന കാര്യത്തിൽ വ്യക്തതവേണം. നിലവിലുള്ള ലൈസൻസിംഗ് സമ്പ്രദായം കല്ലുമ്മേക്കായ പോലുള്ള സാധനങ്ങൾ വില്പന നടത്തുന്ന കുടുംബശ്രീ സംഘങ്ങൾ പോലുള്ള ചെറുകിട തൊഴിലാളികളെ ബാധിക്കുമോ എന്ന് പരിശോധിക്കണം. മത്സ്യ സമ്പത്തിന്റെ സംരക്ഷണവും വംശനാശം തടയാ

നുള്ള വ്യവസ്ഥകളും നടപടികളും ബില്ലിന്റെ ഭാഗമായി ഉണ്ടാകണം. അനിയന്ത്രിതമായി മത്സ്യ സമ്പത്ത് ചൂഷണം ചെയ്യുന്നതിന്റെ ഫലമായും പ്രജനന കാലത്തുപോലും അശാസ്ത്രീയമായി മത്സ്യ ബന്ധനം നടത്തുന്നതിന്റെ ഫലമായും ചില ഇനം മത്സ്യങ്ങൾക്ക് വംശനാശം സംഭവിക്കുന്നതിന്റെ ഫലമായി മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നുണ്ടെങ്കിൽ അവർക്ക് നഷ്ട പരിഹാരം കൊടുക്കുവാൻ വ്യവസ്ഥ ഉണ്ടാകണം.

ശ്രീ. സി. പി. മുഹമ്മദ്: 2010-ലെ കേരള ഉൾനാടൻ ഫിഷറി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ഫിഷറീസ് ആക്ടുകൾ 1956-നുശേഷവും ഏകീകരിക്കുവാൻ സാധിച്ചിട്ടില്ല. ഈ രംഗത്തെ വികസനത്തിനും ഉൾനാടൻ മത്സ്യ സമ്പത്ത് സംരക്ഷിക്കാനും അമിത ചൂഷണം നിയന്ത്രിക്കാനും സാമൂഹ്യ മത്സ്യ ബന്ധനം പ്രോത്സാഹിപ്പിക്കാനും ഈ നിയമം സഹായകരമാണ്. ആയിരക്കണക്കിന് ആളുകൾക്ക് ഉപജീവന മാർഗ്ഗം ഉറപ്പുവരുത്തുന്നതും 44 നദികളും അനേകം കായലുകളും കുളങ്ങളും കൊണ്ട് സമ്പന്നമായതുമായ ഈ മേഖലയെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. ജലാശയങ്ങൾ വിഷലിപ്തമായിരിക്കുന്ന സംസ്ഥാനത്ത് മത്സ്യോല്പാദനം വർദ്ധിപ്പിക്കുവാനും ഉൾനാടൻ മത്സ്യ തൊഴിലാളികളെ സംരക്ഷിക്കുവാനും കഴിയുന്ന മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കണം. ചൂണ്ടകൊണ്ടോ നാടൻവലകൊണ്ടോ മത്സ്യം പിടിക്കുന്ന സാധാരണ മത്സ്യത്തൊഴിലാളികളല്ല മറിച്ച് വൻകിട മത്സ്യബന്ധനക്കാരാണ് മത്സ്യങ്ങളുടെ വംശനാശത്തിനു കാരണമാകുന്നത്. മത്സ്യങ്ങളുടെ പ്രജനനം ഏറ്റവുംകൂടുതൽ നടക്കുന്നത് കണ്ടൽക്കാടുകൾക്കിടയിലാണ്. എറണാകുളത്തെ

വളന്തക്കാട് എന്നു പറയുന്ന കണ്ടൽക്കാട് സംരക്ഷിക്കണം. ജലസംഭരണികളിൽ ശാസ്ത്രീയമായി മത്സ്യക്കൃഷി നടത്തുകയാണെങ്കിൽ 15000 ടൺ മത്സ്യം അധികമായി ഉല്പാദിപ്പിക്കുവാൻ കഴിയും. ജലസേചനം., വന്യമൃഗ സംരക്ഷണം, കുടിവെള്ള വിതരണം, വൈദ്യുതോല്പാദനം എന്നിവയ്ക്ക് തടസ്സം നേരിടുമെന്ന കാരണം പറഞ്ഞാണ് ജലസംഭരണികളിൽ മത്സ്യം വളർത്തുന്നതിന് ഫിഷറീസ് വകുപ്പ് അനുവാദം നൽകാത്തത്. അവിടെ മത്സ്യം വളർത്തുന്നതുകൊണ്ട് ജൈവഘടനയേയോ ഉപയോഗസാദ്ധ്യതയേയോ ഒരുവിധത്തിലും ബാധിക്കുകയില്ല. 200 ദശലക്ഷം ശുദ്ധജല മത്സ്യ വിത്ത് ആവശ്യമുള്ളിടത്ത് പൊതുമേഖലയിലുള്ള ഏഴ് മത്സ്യ വിത്ത് ഉല്പാദന കേന്ദ്രങ്ങളിൽനിന്ന് ലഭിക്കുന്നത് 12.5 ദശലക്ഷം മാത്രമാണ്. കൂടുതൽ മത്സ്യവിത്തിനങ്ങൾ ഉണ്ടാക്കുന്നതിന് പരിശ്രമം നടത്തണം. ജലാശയങ്ങളെ സംരക്ഷിക്കുവാനും ഉല്പാദന ശേഷിയുള്ള മത്സ്യ വിത്തുകൾ കൂടുതൽ ഉല്പാദിപ്പിക്കുവാനും കഴിഞ്ഞാൽ മാത്രമേ ഈ ബില്ലിന്റെ ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ബില്ലിനെക്കുറിച്ച് പൊതുവായ ചർച്ച നടക്കുമ്പോൾ ആവശ്യമായ മാറ്റങ്ങൾ വരുത്തി കുറ്റമറ്റ ബില്ലാക്കാൻ മുൻകയ്യെടുക്കുന്നതാണ്.

ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

2010-ലെ കേരള ഉൾനാടൻ ഫിഷറി ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(2) <u>2010-ലെ ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്):</u> 2010-ലെ കേരള ധനവിനിയോഗ ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ:</u> ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): 2010-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (<u>ശ്രീ. പാലോളി മുഹമ്മദ്കുട്ടി</u>) : പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി മാറ്റിവച്ച തുക ഫലപ്രദമായി വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഇത്തരത്തിലൊരു ബിൽ ഇവിടെ അവതരിപ്പിക്കുന്നത് ശരിയല്ല. കഴിഞ്ഞ യു.ഡി. എഫ്. ഗവൺമെന്റ് സ്മാർട്ട് സിറ്റി പദ്ധതിക്കുവേണ്ടി ടീകോമുമായി ധാരണയിലെത്തിയെങ്കിലും ഈ ഗവൺമെന്റിന് അതുമായി മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടില്ല. സ്മാർട്ട് സിറ്റി വന്നാൽ ജോലി ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന അഭ്യസ്തവിദ്യരെ നിരാശയിലാക്കിയിരിക്കുകയാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസന പദ്ധതിയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കെ.എസ്.ടി.പി. പദ്ധതിയും സ്തംഭനാവസ്ഥയിലാണ്. വിലക്കയറ്റത്തിനെതിരെ ക്രിയാത്മകമായി പ്രവർത്തിക്കാതെ കേന്ദ്ര ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്ന സമീപനം അവസാനിപ്പിക്കണം.

<u>ശ്രീ. ആർ. സെൽവരാജ്</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഇൻഡ്യൻ ജനതയുടെ ആവശ്യത്തിന് ഉല്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾ

വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയച്ച് കൃത്രിമ ഭക്ഷ്യക്ഷാമം സൃഷ്ടിക്കുന്ന നയമാണ് കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ചുപോരുന്നത്. കേന്ദ്ര ഗവൺമെന്റ് റേഷനരിയുടെ വിഹിതം വെട്ടിക്കുറയ്ക്കുക മാത്രമല്ല 16 രൂപ വരെ ഓപ്പൺമാർക്കറ്റിൽ വില വർദ്ധിപ്പിക്കുകയും ചെയ്തു. കുത്തകകൾക്ക് ഭക്ഷ്യധാന്യം ശേഖരിക്കാനും വില്പന നടത്താനുമുള്ള അവസരമുണ്ടാക്കിയതിന്റെ ഫലമായി കരിഞ്ചന്തയും പൂഴ്ത്തിവയ്പും വർദ്ധിച്ചു. നിശ്ചയദാർഢ്യത്തോടുകൂടി മാർക്കറ്റിൽ ഇടപെട്ട് സപ്ളൈകോ, കൺസ്യൂമർഫെഡ്, സഹകരണ സംഘങ്ങൾ എന്നീ ഏജൻസികളെക്കൊണ്ട് കുറഞ്ഞ വിലയ്ക്ക് ഭക്ഷ്യധാന്യങ്ങളും അവശ്യവസ്തുക്കളും വിതരണം ചെയ്യാനുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ആസിയാൻ കരാറിന്റെ ഫലമായി കാർഷിക മേഖലയ്ക്കുണ്ടാകുന്ന നഷ്ടം നികത്താൻ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം. വിലക്കയറ്റത്തിന്റേയും ഭക്ഷ്യ അരക്ഷിതാവസ്ഥയുടേയും പശ്ചാത്തലത്തിൽ കേരളം ആവിഷ്കരിച്ച ഭക്ഷ്യ സുരക്ഷ പരിപാടി ആവേശകരമായ അനുഭവമായി മാറിയിരിക്കുകയാണ്. കേരളത്തിൽ നെൽകൃഷിയുടെ വിസ്തൃതിയും പാൽ, മുട്ട, കോഴി, കോഴിയിറച്ചി, ഉൾനാടൻ മത്സ്യങ്ങൾ എന്നിവയുടെ ഉൽപാദനവും വർദ്ധിപ്പിക്കാൻ കഴിഞ്ഞു. കൃഷിക്കുവേണ്ടി 500 കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. മണ്ണ്-ജലസംരക്ഷണ നടപടികൾ, കൃഷിച്ചെലവിന് പലിശരഹിത വായ്പ, വിത്ത്-വളം, പമ്പിംഗ് സബ്സിഡികൾ, കൊയ്ത്ത് കഴിഞ്ഞാൽ നെല്ലിന് കേന്ദ്ര നിരക്കിനേക്കാൾ കിലോയ്ക്ക് രണ്ടര രൂപ കൂടുതൽ ഉറപ്പാക്കൽ, കൃഷി പിഴച്ചാൽ ഇൻഷ്വറൻസ് എന്നിവയിലൂടെ കാർഷികമേഖലയിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. മത്സ്യ മേഖലയിൽ 300 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തി. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിപ്രകാരം 142

കോടിരൂപ എഴുതിത്തള്ളുകയുണ്ടായി. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസച്ചെലവ് സർക്കാർ ഏറ്റെടുത്തു കഴിഞ്ഞു. പെൻഷനുകളും ഇൻഷ്വറൻസ് ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചു. മത്സ്യബന്ധനത്തിനിടയിലുണ്ടാകുന്ന അപകടങ്ങൾക്കും വള്ളവും വലയും നഷ്ടപ്പെടുന്നതിനും ഇൻഷ്വറൻസ് ഏർപ്പെടുത്തി. അർഹരായ തീരദേശ വാസികൾക്ക് വീടും വൈദ്യുതിയും കുടിവെള്ളവും ഉറപ്പാക്കുന്ന പദ്ധതി നടപ്പാക്കി. കിലോഗ്രാമിന് രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയിൽ താഴ്ന്ന വരുമാനക്കാരായ വികലാംഗരേയും കൂടി ഉൾപ്പെടുത്തണം. വികലാംഗ കോർപ്പറേഷനിൽനിന്നും വികലാംഗർ എടുത്തിട്ടുള്ള കടങ്ങൾ എഴുതിത്തള്ളാനുള്ള നടപടി സ്വീകരിക്കണം. സർവ്വീസിൽനിന്ന് പിരിച്ചുവിടപ്പെട്ടവരോ താൽക്കാലികമായി ജോലി ചെയ്യുന്നവരോ ആയ 35 വയസ്സിനു മുകളിൽ പ്രായമുള്ള വികലാംഗരെ കൂടി സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി തസ്തിക ഗസറ്റഡ് റാങ്കാക്കണം. വനം വകുപ്പ് ജീവനക്കാർക്ക് യൂണിഫോം അലവൻസ് നൽകാനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തണം. വനപാലകർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തണം. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും ഗ്രാമീണ മേഖലയിലെ ആരോഗ്യ പരിപാലനത്തിനും, ആശുപത്രികളുടെ നവീകരണത്തിനും നടപടികൾ സ്വീകരിച്ചതിനെ സ്വാഗതം ചെയ്യുന്നു. പ്രൈവറ്റ് പ്രാക്ടീസ് അവസാനിപ്പിച്ച് ഡോക്ടർമാരുടെ സേവനം ജനങ്ങൾക്ക് ലഭ്യമാക്കിയ നടപടി ശ്ലാഘനീയമാണ്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി മരുന്ന് വാങ്ങി കുറഞ്ഞ വിലയ്ക്ക് രോഗികൾക്ക് വിതരണം നടത്തുന്നത് അഭിനന്ദനാർഹമാണ്.

<u>ശ്രീ. സി.ടി. അഹമ്മദ് അലി:</u> ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. പല ഡിപ്പാർട്ടുമെന്റുകളും ഫണ്ടുകൾ ചെലവഴിക്കാതെ പദ്ധതികൾ മുടക്കു

കയും കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കാൻ കഴിയാതെ ലാപ്സാക്കുകയുമാണ്. സംസ്ഥാനത്ത് അനുഭവപ്പെടുന്ന കഠിനമായ ചൂടിനെപ്പറ്റി സഭ ചർച്ച ചെയ്യുകയും ശാസ്ത്രീയമായ പഠനം നടത്തുകയും വേണം. വിൽപ്പന നികുതി, വെള്ളക്കരം, വൈദ്യുതിച്ചാർജ് എന്നിവയുടെ കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കണം. നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കണം. സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കണം.

<u>ശ്രീ. പള്ളിപ്രം ബാലൻ:</u> ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസനത്തിനും പാവപ്പെട്ടവരുടെ ഉന്നമനത്തിനും വേണ്ടിയുള്ള പദ്ധതികൾക്കാണ് ധനാഭ്യർത്ഥന നടത്തിയിട്ടുള്ളത്. കാർഷിക മേഖലയുടെ പുന:സൃഷ്ടിക്കുവേണ്ടി പണം ചെലവഴിച്ചതിനാൽ നെല്ല്, പച്ചക്കറി തുടങ്ങിയ കൃഷികളുടെ ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞു. ക്ഷീര-മൃഗസംരക്ഷണ വകുപ്പുകൾക്ക് നൽകിയ പണം യഥാസമയം വിനിയോഗിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കി. കർഷകത്തൊഴിലാളികളുടെ 28 മാസത്തെ പെൻഷൻ കുടിശ്ശിക നൽകി. രണ്ടുരൂപയ്ക്ക് അരി നൽകുന്ന പദ്ധതിയിൽ കൂടുതൽ ആളുകളെ ഉൾപ്പെടുത്തി. അരിയും മറ്റ് നിത്യോപയോഗസാധനങ്ങളും മാവേലി സ്റ്റോറുകളിലൂടെ വിലകുറച്ച് വിതരണം ചെയ്തു. സർക്കാർ ഓഫീസുകളിൽ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ.പി. മോഹനൻ:</u> ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ധനവിനിയോഗത്തിലുള്ള കാലതാമസവും അപാകതയും ഒഴിവാക്കണം. കഴിഞ്ഞ വർഷം വരൾച്ചയുമായി ബന്ധപ്പെട്ട് ടാങ്കർ ലോറിയിൽ കുടിവെള്ളം വിതരണം ചെയ്തതിനുള്ള കുടിശ്ശിക കൊടുത്തുതീർക്കണം.

കണ്ണൂർ ജില്ലയിലെ പഞ്ചായത്തുകളിൽ ശുദ്ധജലത്തിനുവേണ്ടി പൈപ്പിടൽ, എക്സ്റ്റെൻഷൻ, കിണർ ശുദ്ധീകരിക്കൽ തുടങ്ങിയവ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാൻ ആവശ്യമായ ഫണ്ട് വകയിരുത്തണം.

ശ്രീ. മോൻസ് ജോസഫ് : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. അടിസ്ഥാന സൗകര്യ മേഖലയേയും സാമൂഹ്യക്ഷേമ മേഖലയേയും സർക്കാരിന്റെ പ്രവർത്തനങ്ങളിലൂടെ മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. കാർഷിക രംഗത്തെ പുരോഗതിക്കും നാടിനെ പുരോഗതിയിലേയ്ക്ക് നയിക്കുന്നതിനും ആവിഷ്ക്കരിച്ച പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചു. 2009-10 വർഷത്തിൽ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്ക് മൂവായിരം കോടിരൂപയുടെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകിയതിനാൽ എല്ലാ മണ്ഡലങ്ങളിലും റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതി 2011-ൽ കമ്മീഷൻ ചെയ്യാൻ കഴിയുന്ന വിധത്തിൽ പണി പൂർത്തീകരിക്കണം. ഡിപ്പാർട്ടുമെന്റുകൾ വർഷാവസാനം തുക ചെലവഴിക്കുന്ന പ്രക്രിയ അവസാനിപ്പിക്കണം. വികസന പ്രവർത്തനങ്ങൾക്കുള്ള ഭൂമി ഏറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഒരു സ്പെഷ്യൽ മെക്കാനിസം ആവിഷ്ക്കരിക്കണം. കെ.എസ്.ടി.പി. ഒന്നാംഘട്ടത്തിന്റെ പണി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ റവന്യു വകുപ്പിന്റെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടുകൂടി രണ്ടാംഘട്ടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ ധനകാര്യ വകുപ്പ് മുൻകയ്യെടുക്കണം.

ശ്രീ. പി.ടി.എ. റഹീം : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. അലിഗഡ് സർവ്വകലാശാലയ്ക്ക് ഭൂമി ഏറ്റെടുത്ത് കൈമാറാൻ

ഗവൺമെന്റിന് കഴിഞ്ഞു. പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് മാരക രോഗങ്ങൾക്ക് സൗജന്യ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വാഗതാർഹമാണ്.

ശ്രീ. പി.സി. ജോർജ് : ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചു നിറുത്തുന്നതിന് ഭക്ഷ്യവകുപ്പിന് ആവശ്യമായ പണം നൽകണം. ശ്രീ ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് 25 കിലോ അരി 75 രൂപയ്ക്കാണ് വിതരണം ചെയ്തിരുന്നത്. 35 ലക്ഷം കുടുംബങ്ങൾക്ക് രണ്ടു രൂപയ്ക്ക് അരി കൊടുക്കുന്ന പദ്ധതിക്ക് 1500 കോടി രൂപ വേണ്ട സ്ഥാനത്ത് 500 കോടി രൂപ മാറ്റിവച്ചിരിക്കുന്നതിൽ നിന്നുതന്നെ പദ്ധതി പ്രാവർത്തികമാക്കാൻ കഴിയില്ലെന്ന് വ്യക്തമാണ്. പദ്ധതിക്കാവശ്യമായ തുക എവിടെനിന്ന് കണ്ടെത്തും എന്ന് വ്യക്തമാക്കണം.

ശ്രീ. എം.ജെ. ജേക്കബ് : ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കുന്നു. റവന്യു കമ്മി വർദ്ധിപ്പിച്ചും ക്ഷേമാനുകൂല്യങ്ങൾ മരവിപ്പിച്ചും ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള ആനുകൂല്യങ്ങൾ കുറച്ചും പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചു പൂട്ടിയുമാണ് യു.ഡി.എഫ്. സർക്കാർ ഭരണം നടത്തിയിരുന്നതെങ്കിൽ വരുമാനം വർദ്ധിപ്പിച്ച് ചെലവുചെയ്യുന്ന കാര്യക്ഷമതയോടുകൂടിയുള്ള സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. വിലക്കയറ്റം രൂക്ഷമാക്കുന്ന കേന്ദ്ര ബഡ്ജറ്റിൽനിന്ന് വ്യത്യസ്തമായി വിലക്കയറ്റം നിയന്ത്രിക്കാനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളടങ്ങിയ ബഡ്ജറ്റാണ് സംസ്ഥാന സർക്കാർ അവതരിപ്പിച്ചിരിക്കുന്നത്. സമഗ്ര വികസനവും സാമൂഹ്യ നീതിയുമാണ് ഇടതുപക്ഷമുന്നണിയുടെ കാഴ്ചപ്പാട്. അടിസ്ഥാന സൗകര്യ വികസനത്തിന് മൂവായിരം കോടി രൂപയുടെ എ.എസ് കൊടുത്തതിനാൽ എല്ലാ നിയോജക മണ്ഡലങ്ങളിലും ഒരുപോലെ പദ്ധതി പ്രവർത്ത

നങ്ങൾ നടക്കുകയാണ്. നിയോജക മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾക്ക് 15 കോടി രൂപ നൽകുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. മുടങ്ങിക്കിടന്ന വർക്കുകൾ ഏറ്റെടുത്തതും വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തനങ്ങൾ നബാർഡിന്റെ സഹായത്തോടെ അതിവേഗത്തിൽ നടപ്പാക്കാൻ തീരുമാനിച്ചതും അഭിനന്ദനാർഹമാണ്. മുടങ്ങിക്കിടന്ന പിറവം ബ്രാഞ്ച് കനാലിന്റെ പണി പൂർത്തീകരിക്കാൻ കഴിഞ്ഞു. പിറവം മണ്ഡലത്തിലെ 17 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ നടന്നുവരുകയാണ്. ക്ഷേമ പെൻഷനുകൾ 300 രൂപയാക്കി ഉയർത്തിയത് ശ്ലാഘനീയമാണ്. ഷഡ്കാല ഗോവിന്ദമാരാരുടെ പേരിൽ വർഷംതോറും നടത്തുന്ന സംഗീതോത്സവത്തിന് 25 ലക്ഷം രൂപ ഗ്രാന്റ് അനുവദിക്കണം.

<u>ശ്രീ. എം.എ. വാഹീദ്</u> : ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സഭ പാസ്സാക്കിക്കൊടുത്ത പണം വിനിയോഗിക്കാൻ കഴിയാത്ത ഗവൺമെന്റാണിത്. പൊള്ളയായ വാഗ്ദാനങ്ങളാണ് സർക്കാർ ബഡ്ജറ്റിലൂടെ നൽകുന്നത്. കഴിഞ്ഞ ബഡ്ജറ്റിൽ അവശ ജനവിഭാഗങ്ങൾക്ക് പ്രഖ്യാപിച്ചിരുന്ന ആനുകൂല്യങ്ങൾ തന്നെ ഈ ബഡ്ജറ്റിലും ആവർത്തിച്ചിരിക്കുകയാണ്. പാർട്ടി ഓഫീസുകളും മറ്റും മോടി പിടിപ്പിക്കുന്ന തുക ഉണ്ടായിരുന്നുവെങ്കിൽ മൽസ്യത്തൊഴിലാളികളും മുനിസിപ്പാലിറ്റി ജീവനക്കാരുമൊക്കെ താമസിക്കുന്ന കോളനികളുടെ നിലവാരം മെച്ചപ്പെടുത്താമായിരുന്നു. എൻ.ആർ.എച്ച്.എം. പദ്ധതി ആർ.ജി.ജി.വൈ, അയ്യങ്കാളി പദ്ധതി തുടങ്ങി എസ്.എസ്.എ. ഫണ്ട് ഉൾപ്പെടെയുള്ളവ കേന്ദ്ര ഗവൺമെന്റിന്റേതാണ്. ഐ.ടി. വികസനത്തിനെതിരായി പ്രവർത്തിച്ചവരാണ് ഇപ്പോൾ ഈ വികസനമെല്ലാം ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് ഉണ്ടായതാണെന്നുള്ള അവകാശവാദം നടത്തിക്കൊണ്ടിരിക്കുന്നത്. തികച്ചും പൊള്ളയായ, സത്യവിരുദ്ധമായ

കാര്യങ്ങൾ അവതരിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സർക്കാരാണിത്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 3487 കോടി രൂപയ്ക്കുള്ള ധനവിനിയോഗ ബില്ലാണ് അവതരിപ്പിച്ചിട്ടുള്ളത്. ഈ തുക കണക്കിലെടുക്കുമ്പോൾ പ്ലാൻ എക്സ്പെന്റിച്ചർ ഉയരുകയും മുൻകാലങ്ങളെ അപേക്ഷിച്ച് പദ്ധതിച്ചെലവ് നൂറുശതമാനത്തിലേറെ വരുമെന്നാണ് കണക്കാക്കുന്നത്. സഭ പാസ്സാക്കുന്ന തുക പലപ്പോഴും ചെലവഴിക്കാതെ വരുന്ന സാഹചര്യമുണ്ട്. എന്നാൽ കണക്കുകൾ പരിശോധിച്ചാൽ പദ്ധതിയേതര ചെലവുകളിലാണ് കുറവ് വരുന്നതെന്ന് കാണാൻ കഴിയും. ഈ പോരായ്മ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഈ ബിൽ പാസ്സാക്കുമ്പോൾ അധികച്ചെലവിനുള്ള വരുമാനം കണ്ടെത്താൻ കഴിയും. അതിന്റെ ഏറ്റവുംവലിയ സോഴ്സാണ് ഡാമുകളിൽ നിന്നുള്ള മണൽ വാരൽ. മലമ്പുഴ ഡാമിൽ നിന്ന് 2300 കോടിയോളം രൂപയുടെ മണലെടുത്തിട്ടുണ്ട്. ഇനിയും ആയിരം കോടിയോളം രൂപയുടെ മണലും ചെളിയും ലഭ്യമാകുമെന്നാണ് കരുതുന്നത്. ഇത്തരത്തിൽ ഒരു ജില്ലയിൽ ഒരു കേന്ദ്രമെങ്കിലും തുടങ്ങാൻ കഴിഞ്ഞാൽ വലിയ നേട്ടമുണ്ടാകും. മണൽവാരലിനെത്തുടർന്ന് അതാത് പ്രദേശങ്ങളിലുള്ളവർക്ക് ചില പ്രയാസങ്ങളും പ്രശ്നങ്ങളുമൊക്കെ ഉണ്ടാകുന്നത് പരിഹരിക്കുന്നതാണ്. മണൽ വാരലിലൂടെ ലഭിക്കുന്ന അധികവരുമാനത്തിൽ നിന്നുള്ള തുക ആ ജില്ലയുടെ പുരോഗതിക്കുവേണ്ടി ചെലവഴിക്കുന്നതാണ്. റിവർ മാനേജുമെന്റിൽ നിന്നുള്ള ഫണ്ട് നാശോന്മുഖമായ നദികളുടെ സംരക്ഷണത്തിനാണ് ഉപയോഗിക്കുന്നത്. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയിൽപ്പെടുത്തി വീടുകൾ നിർമ്മിക്കുന്നതിനും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾക്കും

പഞ്ചായത്ത് സെക്രട്ടറിയുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കലവറ വഴി ഒരു ലോഡ് മണലും സാധാരണക്കാർക്ക് 2300 രൂപ നിരക്കിൽ 2 ലോഡ് മണലുംവരെ കൊടുക്കുന്നുണ്ട്. പെൻഷൻ തീയതി ഏകീകരിച്ചതിൽ മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. ഈ വർഷം പി.എസ്. സി. വഴി 41,000 നിയമനങ്ങൾ നടത്തുകയും കഴിഞ്ഞ രണ്ടു വർഷമായി 20,000-ൽപ്പരം പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ധന വിനിയോഗ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2010-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2010-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

2010-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം 36-നെതിരെ 58 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

**(ii)** 2010-ലെ ആലപ്പുഴയിലെ കേരള സ്പിന്നേഴ്സ് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): 2010-ലെ ആലപ്പുഴയിലെ കേരള സ്പിന്നേഴ്സ് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): 2010-ലെ ആലപ്പുഴയിലെ കേരള സ്പിന്നേഴ്സ് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

കേന്ദ്ര നിയമത്തിന് വിരുദ്ധമായ ബിൽ

ശ്രീ. കെ.എം. മാണി: ബില്ലിൽ വളരെയധികം പരസ്പര വൈരുദ്ധ്യങ്ങളുണ്ട്. 2009-ൽ നിലവിൽ വരുന്ന റിട്രോസ്പെക്ടീവ് ഇഫക്ട് പറയാതെ 2006 മുതൽ നിലവിൽ വരുമെന്ന് പറയുന്നത് ഇല്ലീഗലാണ്. ഈ രീതിയിൽ നിയമം പാസ്സായാൽ നിലനിൽക്കില്ല. കേരള സ്പിന്നേഴ്സ് കേന്ദ്ര

ഗവൺമെന്റ് ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ അതിനെ നിരാകരിക്കുന്ന വിധത്തിൽ ബിൽ കൊണ്ടുവരുന്നത് കേന്ദ്രനിയമത്തിന് വിരുദ്ധമാണ്. ഓർഡിനൻസ് കൊണ്ടുവരുന്നതിന് തന്നെ ഇൻഡ്യൻ പ്രസിഡന്റിന്റെ പ്രീവിയസ് സാംഗ്ഷൻ വാങ്ങിയിട്ടില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇൻഡസ്ട്രിയൽ ഡെവല്പമെന്റ് ആക്ട് എന്ന കേന്ദ്രഗവണ്മെന്റിന്റെ ഐ.ടി. ആക്ടിലെ ഷെഡ്യൂൾ പ്രകാരമുള്ള വ്യവസായ സ്ഥാപനങ്ങൾ ഏറ്റെടുക്കാനുള്ള അധികാരം സെൻട്രൽ ഗവൺമെന്റിനാണ്. ഏറ്റെടുക്കുമ്പോൾ അതിന് പ്രയറായിട്ടുള്ള നോട്ടീസ് ആവശ്യമാണ്. ഈ ബില്ലിന്റെ പേര് തന്നെ തെറ്റാണ്. അക്വിസിഷൻ ആന്റ് ട്രാൻസ്ഫർ എന്നുള്ളത് ശരിയല്ല. അക്വിസിഷൻ ആന്റ് റിക്വിസിഷൻ എന്നാകാമായിരുന്നു. ട്രാൻസ്ഫർ ചെയ്യാനുള്ള അധികാരം സംസ്ഥാന സർക്കാരിനില്ല. അതുകൊണ്ട് ട്രാൻസ്ഫർ എന്നുള്ളത് ഒഴിവാക്കി അക്വി സിഷൻ എന്നു മാത്രം ആക്കണം. അല്ലെങ്കിൽ ഇത് കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ സാദ്ധ്യതയുണ്ട്. അക്വയർ ചെയ്യുന്നെങ്കിൽ ഗവൺമെന്റ് നേരിട്ടോ ഗവൺമെന്റിന്റെ പൂർണ്ണ നിയന്ത്രണത്തിലോ എന്ന് സ്പെസി ഫിക്കായി പറയുന്ന പ്രൊവിഷൻ കൊണ്ടുവരണം. ഐ.ഡി. ആക്ടിലെ സെക്ഷൻ പ്രകാരം ഒരു പുതിയ മാനേജ്മെന്റ് വരികയോ മാനേ ജ്മെന്റിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയോ ചെയ്താൽ തൊഴിലാളികൾക്ക് സർവീസിൽ ചേർന്ന അന്നു മുതൽ ഗ്രാറ്റുവിറ്റിയും മറ്റാനുകൂല്യങ്ങളും നൽകാൻ പുതിയ മാനേജ്മെന്റ് ബാദ്ധ്യസ്ഥമാണ്. കമ്പനി ഉണ്ടായ കാലം മുതലുള്ള ലയബിലിറ്റി കൊടുക്കുന്നതിൽനിന്ന് അഡ്ജസ്റ്റ് ചെയ്യാനുള്ള സ്പെസിഫിക് പ്രൊവിഷൻ വേണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): ആലപ്പുഴ കേരള സ്പിന്നേഴ്സ് ഏറ്റെടുക്കാൻ യാതൊരു നീക്കവും കേന്ദ്ര സർക്കാർ നടത്തുന്നില്ല. കേന്ദ്ര നിയമം മുഖേന ടെക്സ്റ്റൈൽസ് ഉൾപ്പെടെയുള്ള ചില വ്യവസായങ്ങളിന്മേൽ കേന്ദ്ര സർക്കാരിന് നിയന്ത്രണമുണ്ടെങ്കിലും ഒരു വ്യവസായം പൊതു താല്പര്യത്തിനായി അതിന്റെ ബാദ്ധ്യതകളുൾപ്പെടെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നത് കേന്ദ്ര നിയമത്തിന് വിരുദ്ധമാകുന്നതല്ല. അതുകൊണ്ട് ഓർഡിനൻസിന് പ്രസിഡന്റിന്റെ അനുമതി ആവശ്യമില്ല. മൊത്തം പ്രോപ്പർട്ടി അക്വയർ ചെയ്യുന്നതിനുള്ള നിയമമാണ് ഉദ്ദേശിക്കുന്നത്. ടെക്സ്റ്റൈൽ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിനും സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് കൈമാറ്റം ചെയ്യുന്നതിനും സംസ്ഥാന ഗവൺമെന്റിന് അധികാരമുണ്ട്. അതുകൊണ്ട് ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ല.

**റൂളിംഗ്**

മി. സ്പീക്കർ: ഒബ്ജക്ഷൻ നിലനിൽക്കുന്നല്ല.

ശ്രീ. എ.എ. ഷുക്കൂർ : I move that – " This House resolves to disapprove The Kerala Spinners Alappuzha (Acquisition and Transfer of Undertaking Ordinance, 2010 (Ordinance No 9 of 2010)." ആലപ്പുഴയിലെ കേരള സ്പിന്നേഴ്സ് സർക്കാർ ഏറ്റെടുത്ത് ടെക്സ്റ്റൈൽസ് കോർപ്പറേഷന് കൈമാറ്റം ചെയ്യുന്ന നടപടികളിലേയ്ക്ക് പോകുന്നതിനുള്ള ബില്ലാണിത്. കേരള സ്പിന്നേഴ്സ് മാത്രമല്ല ആലപ്പുഴ ജില്ലയുടെ വ്യാവസായിക അടിത്തറ തകർത്തതിന്റെ ഉത്തരവാദിത്തം ഈ സർക്കാരിനാണ്. കേരള സ്പിന്നേഴ്സ് ഏറ്റെടുത്ത് കൈമാറ്റം ചെയ്യുന്നതിൽ തികഞ്ഞ അലംഭാവമാണ് ഉണ്ടായിട്ടുള്ളത്. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ അവസ്ഥയും

വളരെ പരിതാപകരമാണ്. കെ.എസ്.ഡി.പിയുടെ വൈറ്റമിൻ-എ പ്ലാന്റിന്റെ ഒരു യൂണിറ്റ് അമൂൽ എന്ന സ്ഥാപനത്തിന് വിട്ടുകൊടുത്തിരുന്നുവെങ്കിൽ അമൂൽ ഉത്പാദിപ്പിക്കുന്ന ഒരു വലിയ കേന്ദ്രമായി മാറ്റിയെടുക്കാൻ കഴിയുമായിരുന്നു. കേരള സ്കൂട്ടേഴ്സ് അടച്ചുപൂട്ടപ്പെട്ട മറ്റൊരു ഫാക്ടറിയാണ്. കേരള സ്പിന്നേഴ്സിന്റെ കൈമാറ്റം ചെയ്യലിലും നടപടിക്രമങ്ങളിലുമെല്ലാം വളരെയേറെ അവ്യക്തതകളുണ്ട്. ആലപ്പുഴ ജില്ലയിലെ ചെറുകിട വ്യവസായ സംരഭങ്ങൾവരെ തകർന്നുകൊണ്ടിരിക്കുന്ന സ്ഥിതി വിശേഷത്തിന് മാറ്റം വരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. എം. മുരളി : നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. വ്യവസായങ്ങളുടെ ശവപ്പറമ്പായി ആലപ്പുഴ ജില്ല മാറുകയാണ്. ഇ.എം.എസ് സർക്കാർ കേരള സ്പിന്നേഴ്സ് ബിർളാ ഗ്രൂപ്പിന് കൈമാറുകയും അവർ ലാഭം ഉണ്ടാക്കിയശേഷം ഉത്തം ഗ്രൂപ്പിന് കൈമാറ്റം ചെയ്യുകയും അവർ തൊഴിലാളികളെ ചൂഷണം ചെയ്ത് പരമാവധി ലാഭമുണ്ടാക്കിയശേഷം ലോക്കൗട്ടാക്കി ഉപേക്ഷിച്ചുപോവുകയുമാണുണ്ടായത്. കൃത്രിമ പഞ്ഞി ഉപയോഗിച്ച് വില കൂടിയ തയ്യൽ നൂലുകൾ ഉണ്ടാക്കുന്ന വളരെ ലാഭകരമായി പ്രവർത്തിച്ചിരുന്ന കേരള സ്പിന്നേഴ്സിനെ അടച്ചുപൂട്ടിയശേഷം ബി.ഐ.എഫ്.ആർ. ഇത് പീഡിത വ്യവസായമായി പ്രഖ്യാപിക്കുകയും ഇന്ത്യൻ ഓവർസീസ് ബാങ്കിനെ ഓപ്പറേറ്റിംഗ് അതോറിറ്റിയായി ചുമതലപ്പെടുത്തുകയും ചെയ്തു. ഓപ്പറേറ്റിംഗ് അതോറിറ്റി എന്ന നിലയിൽ ഒരു സ്കീം തയ്യാറാക്കാനുള്ള നിർദ്ദേശം ഇന്ത്യൻ ഓവർസീസ് ബാങ്ക് നടപ്പിലാക്കിയില്ല. ഇപ്പോൾ ഈ മില്ലിൽ പണിയെടുത്ത 658 ജീവനക്കാർക്കും നഷ്ടപരിഹാരം നൽകി സർക്കാർതന്നെ അവരെ പിരിച്ചു വിട്ടിരിക്കുകയാണ്. ഇക്കാര്യം സർക്കാർ പരിശോധിക്കണം. കേന്ദ്രഗവണ്മെന്റിന്റെ ഐ.ഡി. ആക്ടിലെ ഷെഡ്യൂൾ

പ്രകാരമുള്ള വ്യവസായ സ്ഥാപനങ്ങൾ ഏറ്റെടുക്കാനുള്ള അധികാരം സെൻട്രൽ ഗവണ്മെന്റിനാണ്. ഏറ്റെടുക്കുമ്പോൾ അതിന് പ്രയറായിട്ടുള്ള നോട്ടീസ് ആവശ്യമാണ്. കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷന് കൈമാറിയതിനുശേഷം ഭാവിയിൽ കേരള സ്പിന്നേഴ്സ് സ്വകാര്യ വ്യക്തി കൾക്കോ സ്ഥാപനങ്ങൾക്കോ കൈമാറ്റം ചെയ്യില്ലെന്ന് ഉറപ്പുപറയണം. കമ്പനി ടൂറിസം പ്രോജക്ടിനുവേണ്ടി കൈമാറാനുള്ള ധാരണയോടെയാണ് നടപടികൾ തുടങ്ങിവച്ചിരിക്കുന്നത്. നഷ്ടപരിഹാരം കൊടുത്ത് അവിടെ തൊഴിൽ അവകാശമുള്ള മുഴുവൻ തൊഴിലാളികളേയും റിട്രഞ്ച് ചെയ്യുന്നതി നാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. കേരളാ സ്പിന്നേഴ്സ് ഒരു വ്യവസായ സ്ഥാപനമായിത്തന്നെ നിലനിർത്തണം. കോമളപുരം ഹൈടെക് സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ എന്ന പുതിയ പേരിലാണ് ബഡ്ജറ്റിൽ 36 കോടി രൂപ വകകൊള്ളിച്ചിരിക്കുന്നത്. കേരള സ്പിന്നേഴ്സ് തുറന്നു പ്രവർത്തിപ്പിക്കുമ്പോൾ അവിടെ പണിയെടുത്തിരുന്ന എല്ലാ തൊഴിലാളി കൾക്കും തൊഴിൽ കൊടുക്കണം. ഇതിൽ പ്രായാധിക്യം ബാധിച്ചവരെ ഒഴിവാക്കി അവരുടെ ആശ്രിതർക്ക് തൊഴിൽ നൽകണം.

<u>ശ്രീ. എ. എം. ആരിഫ്</u> : 2010-ലെ ആലപ്പുഴയിലെ കേരള സ്പിന്നേഴ്സ് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-6-2010 വരെ സർക്കുലേറ്റ് ചെയ്യ ണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ ടെക്സ്റ്റൈൽസ് സ്ഥാപനങ്ങൾ കടുത്ത വെല്ലുവിളിയെ നേരിടുകയാണ്. ബില്ലിലെ അദ്ധ്യായം V-ൽ ദുർബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിലെ ജീവനക്കാരെ സംബന്ധിക്കുന്ന വ്യവസ്ഥകളെക്കുറിച്ച് പറഞ്ഞിരിക്കുന്നത് വിശദമാക്കണം.

1964-ൽ ബിർളാ ഗ്രൂപ്പിന് കൂടുതൽ ഷെയർ കൊടുത്തുകൊണ്ട് സംയുക്ത സംരംഭമായി നിലവിൽ വന്നതാണ് ആലപ്പുഴയിലെ കേരള സ്പിന്നേഴ്സ്. 1980 ആയപ്പോൾ ഏതാണ്ട് ആയിരത്തോളം തൊഴിലാളികൾ പണിയെടുക്കുകയും അസ്സെറ്റ് വർദ്ധിപ്പിക്കുകയും തൊഴിലാളികൾക്ക് ബോണസ്സും മറ്റ് ആനുകൂല്യങ്ങളുമൊക്കെ നൽകി നല്ല നിലയിൽ പ്രവർത്തിക്കുകയും ചെയ്യുന്ന സ്ഥാപനമായി മാറി. പിന്നീട് ഉത്തം ഗ്രൂപ്പിന് കൈമാറിയപ്പോൾ മിസ്മാനേജ്മെന്റുമൂലം നഷ്ടത്തിലാവുകയും അടച്ചുപൂട്ടുകയുമുണ്ടായി. അതിനുശേഷം ഈ ഗവൺമെന്റാണ് കേരള സ്പിന്നേഴ്സിനെ ടെക്സ്റ്റൈൽസ് കോർപ്പറേഷനെക്കൊണ്ട് ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിരിക്കുന്നത്. 36 കോടി രൂപയുടെ ബഡ്ജറ്റ് സപ്പോർട്ടോടുകൂടി ഈ സ്ഥാപനത്തെ ആധുനിക ടെക്സ്റ്റൈൽ സ്ഥാപനമായി ഉയർത്തിക്കൊണ്ടു വരാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

<u>ശ്രീ. പി.എം.എ. സലാം:</u> The Kerala Spinners Alappuzha (Acquisition and Transfer of Undertaking) Bill, 2010 be referred to a Select Committee എന്ന ഭേദഗതി അവതരിപ്പിക്കുകയാണ്. കേരള സ്പിന്നേഴ്സ് വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുന്ന നടപടി സർക്കാരിന്റെ നയത്തിന്റേയും നിലപാടിന്റേയും പ്രതിഫലനമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂട്ടിക്കിടന്ന ധാരാളം വ്യവസായശാലകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചു. തിരുവണ്ണൂർ കോട്ടൺ മിൽ, ബാലരാമപുരം സ്പിന്നിംഗ് മിൽ, കേരള സോപ്പ്സ് ആന്റ് ഓയിൽസ്, കൊല്ലത്തെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് തുടങ്ങിയവ ഫലപ്രദമായ രീതി

യിൽ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞു. കേരള സ്പിന്നേഴ്സിനും 36 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേരള സ്പിന്നേഴ്സ് ഏറ്റെടുക്കാനുള്ള ഗവൺമെന്റിന്റെ തീരുമാനം പൊതുമേഖല സ്ഥാപനങ്ങളെയും സംരക്ഷിക്കാനുതകുന്നതാണ്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചിരുന്നതും ദീർഘകാലമായി അടഞ്ഞുകിടന്നിരുന്നതുമായ കേരള സ്പിന്നേഴ്സ് ഏറ്റെടുത്ത് സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ പ്രവർത്തിപ്പിക്കുന്നതിനാണ് ഈ ബിൽ അവതരിപ്പിച്ചത്. ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ, കോട്ടയം സ്പിന്നിംഗ് മിൽ ഇതെല്ലാം ഏറ്റെടുത്ത് പൊതുമേഖലയിൽ കൊണ്ടുവന്നിട്ടുണ്ട്. വർഷങ്ങൾക്കുമുമ്പ് ഇതുപോലുള്ള ഏറ്റെടുക്കൽ നടപടികൾ കേരളത്തിൽ ഉണ്ടായിരുന്നെങ്കിലും അടുത്തകാലത്തൊന്നും ഏറ്റെടുക്കാൻ ഗവൺമെന്റുകൾക്ക് സാധിച്ചിട്ടില്ല. 1964-ലെ ഗവൺമെന്റിന്റെ കാലത്ത് വ്യവസായം പ്രൊമോട്ടു ചെയ്യുന്നതിന് ലൈസൻസ് നിർബന്ധമായിരുന്നു. കെ.എസ്.ഐ.ഡി.സി കരസ്ഥമാക്കിയ ലൈസൻസ് ഉപയോഗിച്ച് വ്യവസായം നടത്തുന്നതിന് ബിർലയെ പ്രൊമോട്ടറായി കണ്ടെത്തി. ബിർലയുടെ ഭൂരിപക്ഷം ഷെയറുകളും കെ.എസ്.ഐ.ഡി.സി.ക്കും കെ.എഫ്.സി.ക്കുമായി നിലനിൽക്കുന്നുണ്ട്. നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന കമ്പനി പിന്നീട് നഷ്ടത്തിലായപ്പോൾ 2001-ൽ കൈമാറ്റം ചെയ്യുകയുണ്ടായി. 2003-ൽ ആ സ്ഥാപനം അടച്ചു പൂട്ടി. 2006-ൽ പുതിയ പ്രൊമോട്ടറും ഗവൺമെന്റും ട്രേഡ് യൂണിയനുകളും പങ്കെടുത്തുകൊണ്ട് തീർപ്പുണ്ടാക്കിയതു പ്രകാരമുള്ള പുനരുദ്ധാരണ പദ്ധതി

നടപ്പിലാക്കാൻ മാനേജ്മെന്റ് സന്നദ്ധമായിട്ടില്ല. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരത്തുക ഗവൺമെന്റ് വായ്പയായി നൽകണമെന്നായിരുന്നു മാനേജ്മെന്റിന്റെ ആവശ്യം. അവസാനം കെ.എസ്.ഐ.ഡി.സി മുഴുവൻ പണവും വായ്പ നൽകുന്നതിന് തീരുമാനമായി. പ്രൊമോട്ടേഴ്സ് മുഖേന പണം ബാങ്കിൽ നിക്ഷേപിച്ചാൽ കെ.എസ്.ഐ.ഡി.സി നൽകേണ്ട പണം ഉടനെ തന്നെ നൽകാമെന്ന് ഗവൺമെന്റ് ഉറപ്പു കൊടുത്തു. കെ.എസ്.ഐ.ഡി.സി കൊടുക്കുന്ന പുതിയ വായ്പയുമായി മാനേജുമെന്റ് പോയാൽ തൊഴിലാളികൾക്ക് നഷ്ടപരിഹാരമൊന്നും കിട്ടുകയില്ലെന്നതു കൊണ്ടാണ് ഈ ഉറപ്പ് കൊടുത്തത്. എന്നാൽ പിന്നീട് നടപടികളൊന്നും ഉണ്ടായില്ല. അവർ കൊണ്ടുവരേണ്ട പണം അവർ കൊണ്ടുവന്നില്ല. എന്നാൽ 2006-ലെ എഗ്രിമെന്റ് പ്രകാരം തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി നൽകേണ്ട തുക കെ.എസ്.ഐ.ഡി.സിക്ക് ഗവൺമെന്റ് വായ്പയായി നൽകി കൊടുത്തു തീർക്കാൻ തീരുമാനിച്ചു. കെ.എസ്.ഐ.ഡി.സി ആണ് എല്ലാ സെറ്റിൽമെന്റും നടത്തിയത്. അടഞ്ഞു കിടന്ന കാലത്തെ വേജസ് ക്ലെയിം ചെയ്തുകൊണ്ട് തൊഴിലാളികൾ കൊടുത്ത പെറ്റീഷൻ ഗവൺമെന്റ് ഗൗരവമായി എടുത്തിട്ടുണ്ട്. അനുകൂലമായ വിധി ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനുശേഷമാണ് അക്വയർ ചെയ്യുന്നതിനെ സംബന്ധിച്ചുള്ള നടപടികളെക്കുറിച്ച് ആലോചിച്ചത്. പലവിധ പ്രശ്നങ്ങളുള ളതുകൊണ്ട് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയതിനുശേഷമാണ് ഗവൺമെന്റ് ഓർഡിനൻസ് കൊണ്ടുവന്നത്. ഓർഡിനൻസ് കൊണ്ടു വന്നതിനുശേഷം തൊഴിലാളികളെ പിരിച്ചു വിട്ടു എന്നു പറയുന്നത് ശരിയല്ല. തൊഴിലാളി സംഘടനകളുമായി ഉണ്ടാക്കിയ എഗ്രിമെന്റ് പൂർത്തീകരിച്ചതിനുശേഷമാണ് അക്വിസിഷൻ നടപടികളിലേയ്ക്ക്

ഗവൺമെന്റ് പോയത്. കമ്പനിയിൽ കോംപൗണ്ട് വാൾ നിർമ്മിക്കുന്നതിനുള്ള ജോലി ഉടനെ ആരംഭിക്കും. ഏറ്റവും ആധുനിക യന്ത്രങ്ങൾ ഉപയോഗിച്ച് സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ ആക്കി അതിനെ മാറ്റാനാണ് ഉദ്ദേശിക്കുന്നത്. 36 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അനുമതി കിട്ടിയാൽ പ്രവർത്തനം ആരംഭിക്കാൻ ടെക്സ്റ്റൈൽ കോർപ്പറേഷൻ തയ്യാറാണ്. ഈ സ്ഥാപനം സ്വകാര്യവൽക്കരിക്കുകയോ മറ്റേതെങ്കിലും സ്വകാര്യ കമ്പനികൾക്ക് സൗജന്യമായി ഏൽപ്പിച്ചുകൊടുക്കുകയോ ചെയ്യുന്നതല്ല. പഞ്ഞിയുടെ വിലക്കയറ്റവും നൂലിന്റെ വിലക്കുറവും കാരണം ടെക്സ്റ്റൈൽ കയറ്റുമതി കുറയുകയും അനേകം മില്ലുകൾ അടച്ചുപൂട്ടുകയും ചെയ്തു. എന്നാൽ കമ്പോളത്തിൽ നൂലിന്റെ ലഭ്യത കുറയുകയും ഡിമാന്റ് വർദ്ധിക്കുകയും ചെയ്തപ്പോൾ നേരത്തെ നഷ്ടത്തിലായിരുന്ന കമ്പനികൾ ലാഭത്തിലേയ്ക്ക് വന്നുതുടങ്ങി. ഈ സാഹചര്യത്തിൽ റാ മെറ്റീരിയൽസ് പ്രൊക്യുർമെന്റിനുവേണ്ടി ഒരു കോർപ്പസ് ഫണ്ടുണ്ടാക്കി. വിളവെടുപ്പ് കാലത്ത് മാർക്കറ്റിൽ മൽസരിച്ച് മേൽത്തരം കോട്ടൺ വാങ്ങി മില്ലുകൾക്ക് നൽകിയതിന്റെ ഫലമായി റാ മെറ്റീരിയൽസ് പർച്ചേസ് ചെലവിൽ 10 ശതമാനം കുറവ് വന്നു. റാ മെറ്റീരിയൽ പ്രൊക്യുർമെന്റിന് ഒരു കോർപ്പസ് ഫണ്ട് ഉണ്ടാക്കി സീസൺകാലത്ത് മേൽത്തരം കോട്ടൺ മാർക്കറ്റിൽനിന്ന് വാങ്ങി മില്ലുകൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ നൽകിയതിന്റെ ഫലമായി ഇപ്പോൾത്തന്നെ റാ മെറ്റീരിയൽസ് പർച്ചേസ് ചെലവിൽ പത്ത് ശതമാനം കുറവുണ്ടായി. ഇപ്പോൾ ദുർബലമായ മില്ലുകൾപോലും മെച്ചത്തിലേയ്ക്ക് വരുകയാണ്. കായംകുളം സ്പിന്നിംഗ് മിൽ ഇരുപത്തയ്യായിരം സ്പിന്നിംഗ് ജന്നികൂടി വച്ച് ആധുനീകവൽക്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പുതിയ മെഷീനറി സ്ഥാപിച്ച ശേഷം മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ ലാഭ

ത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം സ്പിന്നിംഗ് മിൽ ലാഭകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പുതിയ മെഷീനറികൾ സ്ഥാപിച്ച് അക്യുമുലേറ്റഡ് നഷ്ടത്തിന് മാറ്റം വരുത്താൻ കഴിയുമോ എന്നുള്ള കാര്യം ആലോചിക്കുകയാണ്. ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള എല്ലാമില്ലുകളും ലാഭത്തിലേയ്ക്ക് വരികയാണ്. ടെക്സ്റ്റൈൽ കോർപ്പറേഷൻ തൊഴിലാളികളുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനായി ഐ.ആർ.സി. രൂപീകരിക്കുന്നതിനുള്ള നടപടികളെടുക്കുവാൻ പോകുകയാണ്. മില്ലുകളെ മുഴുവൻ ലാഭകരമായി നടത്താൻ കഴിയുമെന്നുള്ളതുകൊണ്ടാണ് മുപ്പത്തിയാറ് കോടി രൂപ മുടക്കി കോമളപുരം സ്പിന്നിംഗ് മിൽ ഗവൺമെന്റ് ഏറ്റെടുക്കുന്നത്. ഒരു ടൂറിസം പ്രോജക്ടിനും ടെക്സ്റ്റൈൽ മില്ലിന്റെ പ്രവർത്തനത്തെ ഉപയോഗിക്കുവാനോ കൺവെർട്ട് ചെയ്യാനോ ഉദ്ദേശിക്കുന്നില്ല. പ്രവർത്തന രഹിതമായിരുന്ന കെ.എസ്.ഡി.പി. ഈ വർഷം ലാഭകരമാകാൻ പോവുകയാണ്. സ്കൂട്ടേഴ്സ് കേരളയുടെ സ്ഥലം സഹകരണ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിനാണ് കൊടുത്തിട്ടുള്ളത്. അടച്ചുപൂട്ടിയ സ്വകാര്യമേഖലയിലെ കമ്പനികളെല്ലാം ഗവൺമെന്റിന് ഏറ്റെടുക്കുവാൻ കഴിയുകയില്ല. പുനരുദ്ധരിക്കുവാനും തൊഴിലാളികൾക്ക് ജോലി നൽകാനും കഴിയുന്ന സ്ഥാപനങ്ങൾ മാത്രമാണ് ഗവൺമെന്റ് ഏറ്റെടുക്കുന്നത്. ഗവൺമെന്റുമായി ഒത്തുതീർപ്പുണ്ടാക്കി തൊഴിലാളികളെ പറ്റിച്ച് ഒളിച്ചോടി പോകാൻ ഒരു മാനേജുമെന്റിനേയും അനുവദിക്കുകയില്ല എന്നുള്ളതാണ് ആലപ്പുഴ കേരള സ്പിന്നേഴ്സ് ഏറ്റെടുക്കുന്നതിലൂടെ വ്യക്തമാകുന്നത്. ഈ ബിൽ വ്യവസായവും ധാതുക്കളും

സംബന്ധിച്ച IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയവും ഭേദഗതികളും സഭ നിരാകരിച്ചു.

2010-ലെ ആലപ്പുഴയിലെ കേരള സ്പിന്നേഴ്സ് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ ഉച്ചയ്ക്കുശേഷം 3.45-ന് പിരിഞ്ഞു.

-----------------------